...DRÔTPATTI

...KILIPPÂTTU

EDITED

...AN INTRODUCTION

BY

...ESVARA AIYAR, M. A., B. L.,

[KAVITILAKA]

...y to the Government of Travancore.

...R THE AUTHORITY OF THE GOVERNMENT OF TRAVANCORE.



TRIVANDRUM:
...THE SUPERINTENDENT, GOVERNMENT PRESS
1924.

## അവതാരിക

ഭദ്രകാളിയുടെ അവതാരത്തെ അധികരിച്ചു ഭാഷയിൽ ഇപ്പോൾ മൂന്നു ഗാനങ്ങളും പ്രസിദ്ധങ്ങളായുണ്ടു്. അവയിൽ ഒന്നാമത്തേതായ കവിസാർവഭൗമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ അവർകളുടെ "ഭദ്രോൽപത്തികിളിപ്പാട്ടു" കൊല്ലം ൧൦൩൭-ലും, രണ്ടാമത്തേതായ ഗീർവ്വാണകവി മൂത്തേടത്തു വാസുദേവൻ പോററിയുടെ "ഭദ്രോൽപത്തികിളിപ്പാട്ടു" ൧൦൧൭-ലും, മൂന്നാമത്തേതായ കവിതിലകൻ വള്ളത്തോൾ നാരായണമേനോൻ അവർകളുടെ "ഭദ്രാവതാരംപാന" ൧൦൮൧-ലും, അച്ചടിക്കപ്പെട്ടതായി കാണുന്നു. കൊച്ചുണ്ണിത്തമ്പുരാൻ അവർകൾ തന്റെ ഭദ്രോൽപത്തി രചിച്ചകാലത്തു് അവിടത്തേക്കു് ആ വിഷയത്തെ ആസ്പദമാക്കി ഭാഷയിൽ യാതൊരു ഗാനവും അതിനുമുമ്പുണ്ടായിരുന്നില്ല എന്നായിരുന്നു ബോധമെന്നു് ആ ഗ്രന്ഥത്തിന്റെ മുഖവുരയിൽനിന്നനുമാനിക്കാം. "ഇതുവരെ യാതൊരു കവിയാലും കേരളഭാഷയിൽ പ്രദർശിപ്പിക്കപ്പെടാത്തതായ ശ്രീ ഭദ്രകാളിയുടെ ഉൽപത്തി" എന്നാണല്ലോ ആ ഗ്രന്ഥത്തിന്റെ പ്രസാധകന്മാരും ഉപന്യസിച്ചുകാണുന്നതു്. എന്നാൽ അതിനു് ഏകദേശം മുപ്പതുകൊല്ലത്തിനുമുമ്പുതന്നെ തന്റെ മുപ്പത്തൊന്നാമത്തെ വയസ്സിൽ ഗീർവ്വാണകവി മൂത്തേടത്തു വാസുദേവൻപോററി അദ്ദേഹത്തിന്റെ ഭദ്രോൽപത്തി നിർമ്മിച്ചു കഴിഞ്ഞിരുന്നു. അതു പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹത്തിന്റെ പുത്രൻ നാരായണൻപോററിക്കു് പത്തുകൊല്ലം കൂടി താമസം വേണ്ടിവന്നു എന്നേയുള്ളു. ഈ രണ്ടു കിളിപ്പാട്ടുകളും രണ്ടു വിധത്തിൽ ഭാഷയെ ഭൂഷിപ്പിക്കുന്നുണ്ടു്. വാസുദേവൻപോററിയുടെ കിളിപ്പാട്ടിൽ മൂലഗ്രന്ഥമായ "മാർക്കണ്ഡേയപുരാണം" ഭദ്രോൽപത്തിപ്രകരണത്തിലെന്നപോലെ ഒൻപതദ്ധ്യായങ്ങളും പ്രത്യേകമായുണ്ടു്. ഭാഷയ്ക്കു മറെറാരു വിലയേറിയ സമ്പാദ്യമായ വള്ളത്തോൾ നാരായണമേനോൻ അവർകളുടെ "ഭദ്രാവതാരംപാന"യിലും ഈ ക്രമം തന്നെ അനുസരിച്ചു കാണുന്നു. എന്നാൽ കൊച്ചുണ്ണിത്തമ്പുരാനവർകൾ ആ ഇതിവൃത്തം അഞ്ചുപാദത്തിൽ അടക്കി തന്റെ ഗ്രന്ഥം രചിച്ചിരിക്കുന്നു.

ഈ മൂന്നു ഗ്രന്ഥങ്ങളേക്കാൾ പ്രാചീനവും ഇവയുടെ നിർമ്മാണകാലങ്ങളിലെല്ലാം ആരും അറിയാതെ കിടന്നപ്പോഴും കാവ്യ

"ഗുണംകൊണ്ടും [illegible] കിടനിൽക്കുന്നതുമായ ഒരു കിളിപ്പാട്ടാണു ഞാനിപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന "ഭദ്രോൽപത്തി". ഈ ഗ്രന്ഥത്തിന്റെ പ്രണേതാവു് ആരെന്നറിവാൻ നിവൃത്തിയില്ലെങ്കിലും

"ഖ്യാതിയും പ്രസിദ്ധമാം മാന്ധാതൃശൈലക്ഷേത്രേ
ചിത്രമാം മഹോത്സവം കാണ്മതിനായ്ക്കൊണ്ടു ഞാൻ
തത്ര ചെന്നോരോതരമത്ഭുതങ്ങളും കണ്ടു
ചിത്താനന്ദേന തത്ര വസിച്ചു പലദിനം".

എന്നു കാണുന്നതിൽനിന്നു് അദ്ദേഹം മലബാർജില്ലയിൽ മങ്കടയ്ക്കടുത്തുള്ള (മാന്ധാതൃക്ഷേത്രം) തിരുമാന്ധാംകുന്നിനു സമീപത്തിൽ ജീവിതകാലം നയിച്ച ഒരു കവിയാണെന്നു് ഊഹിക്കാവുന്നതാണു്. കവിതയുടെ രചനാരീതിയിൽനിന്നു് ഗ്രന്ഥകർത്താവു് കൊല്ലം പത്താം ശതവർഷത്തിൽ ജീവിച്ചിരുന്നതായി തോന്നുന്നുണ്ടു്. ഇദ്ദേഹത്തിന്റെ കൃതിയും ഇതെഴുതിയുള്ള താളിയോലയേട്ടിൽ തന്നെ ഉള്ളതുമായ 'പാർവതീപരിണയം' കിളിപ്പാട്ടും 'ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി'യിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടു്. കടമാളൂർ ചെമ്പകശ്ശേരിമഠത്തിൽ നാരായണൻനമ്പൂരി അവർകളുടെ പക്കൽ നിന്നെടുത്ത ഒരു ഗ്രന്ഥം മാത്രമാണു് ഈ പുസ്തകത്തിനു് ആദർശമായി തീർന്നിട്ടുള്ളതു്. ഗ്രന്ഥം പ്രായേണ ശുദ്ധമായി കണ്ടതിനാൽ മറെറാരു ഗ്രന്ഥത്തിന്റെ ആവശ്യം നേരിടുകയുണ്ടായില്ല. രണ്ടോ മൂന്നോ ഘട്ടങ്ങളിൽ ഓരോ വരിയോ അതിൽപാതിയോ ഏട്ടിൽ വിട്ടുകാണുന്നതു് എനിക്കും ഉപേക്ഷിക്കേണ്ടതായി വന്നുകൂടി. ഏതാനും ചില ദിക്കുകളിൽ ചില ചില്ലറവാക്കുകൾ ചേർക്കേണ്ടിവന്നതു് ഞാൻ തന്നെ വലയത്തിനകത്തു ചേർത്തിട്ടുമുണ്ടു്.

# ഭദ്രോൽപത്തി

## കിളിപ്പാട്ട്.

### ഒന്നാമദ്ധ്യായം.

നന്ദനപ്പൂങ്കാവിങ്കൽ നന്ദിച്ചു വസിക്കുന്ന
സുന്ദരരൂപേ ! കിളിപ്പൈതലേ ! വരിക നീ.
നിന്നെക്കണ്ടതുമൂലം ഞങ്ങൾക്കു മനതാരിൽ
വന്നസന്തോഷമെന്തു ചൊല്ലുന്നു മനോഹരേ?
കല്പകവൃക്ഷഫലപക്വങ്ങൾ ഭുജിക്കയാൽ
ക്ഷുൽപിപാസകൾ നിനക്കില്ലെന്നു വരികിലും,
നല്ലൊരു തെളിതേനും, പഞ്ചസാരയും, പാലും,
വെല്ലവും, നല്ല രസകദളിപ്പഴങ്ങളും,
എല്ലാമേ ഭുജിച്ചു നിന്നാലസ്യങ്ങളും തീൎത്തു
കല്യാണശീലേ ! പരമാനന്ദമിയന്നാലും.
എങ്ങുനിന്നിപ്പോളത്ര വന്നതു നീയും പുന-
രെങ്ങു നീ പോയീടുന്നതെന്നതും പറഞ്ഞാലും".

സുന്ദരീജനത്തിന്റെ വാക്കുകളേവം കേട്ടു
നന്ദിച്ചു കിളിമകളിത്തരം ചൊല്ലീടിനാൾ.
"എത്രയും പ്രസിദ്ധമാം മാന്ധാതൃശൈലക്ഷേത്രേ
ചിത്രമാം മഹോത്സവം കാണ്മതിന്നായ്ക്കൊണ്ടു ഞാൻ
തത്ര ചെന്നോരോതരമത്ഭുതങ്ങളും കണ്ടു
ചിത്താനന്ദേന തത്ര വസിച്ചു പലദിനം.
ലോകൈകനാഥയാകും കാളിയേ വന്ദിച്ചുകൊ-
ണ്ടാകുലങ്ങളും തീൎന്നു വന്നോരു സുഖത്തോടും
നിങ്ങളെക്കണ്ടീടുവാനിന്നിഹ വന്നീടുന്നേൻ;
ഭംഗിചൊല്ലുകയല്ല സത്യമെന്നറിഞ്ഞാലും."

ഇത്തരം കിളിമകൾ ചൊന്നതുകേട്ടനേരം
ചിത്തമോദേന പരസ്ത്രീകളും ചൊല്ലീടിനാർ.
"ഞങ്ങളെക്കണ്ടീടുവാൻ വന്നതു നീയെങ്കിലോ
ഞങ്ങൾക്കു ഭാഗ്യമേറ്റമുണ്ടെന്നേ പറയേണ്ടു.

B
G. P. T. 2782. 1000. 24-10-99.

മുന്നം നീയോരോകഥ ചൊന്നതു നിനയ്ക്കുമ്പോ-
ളിന്നുമുണ്ടല്ലോ സുഖം ഞങ്ങൾക്കു മനതാരിൽ.
എന്നതുമൂലമിന്നുമൊന്നുണ്ടു ചോദിക്കുന്നു;
മുന്നം നീയതു പറഞ്ഞീടേണം മടിയാതെ.
ആരാകുന്നതു ഭദ്രകാളിയും നിജമവ-
ളാരുടെ പുത്രിയെന്നും ജനനിയാരെന്നതും
ജന്മവും കർമ്മങ്ങളും വീര്യവും മഹത്വവും
നന്മയിൽ ഞങ്ങളോടു ചൊല്ലേണം മനോഹരേ!
ഉത്തമകല്പവൃക്ഷഫലങ്ങൾ ഭുജിക്കയാൽ
ചിത്തത്തിൽ സമസ്തവും നിനക്കുതോന്നുമല്ലോ".

എന്നതുകേട്ടു കിളിപ്പൈതലും ചൊല്ലീടിനാ-
ളിന്നതുവിസ്തരിച്ചു ചൊല്ലുവനാരതാക്കും.
എങ്കിലും ഭദ്രകാളിതന്നുടെ ചരിതങ്ങൾ
പങ്കജമിഴിമാരേ ! ചൊല്ലുവൻ ചുരുക്കി ഞാൻ.
ഭൂസുരശ്രേഷ്ഠനാകും ശിവശർമ്മാവിനോടു
ഭാസുരതപോനിധിയാകിയ മാർക്കണ്ഡേയൻ
ഓരോരോകഥയരുൾചെയ്തീടുന്നതിന്മദ്ധ്യേ
പാരമാം വാത്സല്യത്താലിത്തരമരുൾചെയ്തു:—
"അന്തണശ്രേഷ്ഠ ! തവ ഭക്തിവിശ്വാസംകണ്ടു
സന്തോഷം മമ ഹൃദി പാരമുണ്ടാകമൂലം
ഉത്തമശ്രദ്ധപുരുഷാർത്ഥസാധകം പര-
മുത്തമഭദ്രകാളീചരിതം ചൊല്ലീടുവൻ".
എന്നരുൾചെയ്തു മുനിശ്രേഷ്ഠനാം ഭദ്രകാളി
തന്നെ വന്ദിച്ചു ഭക്ത്യാ പറഞ്ഞു തുടങ്ങിനാൻ.

പണ്ടൊരുകാലം കാശ്മീരാഖ്യമാം നഗരത്തിൽ
ഉണ്ടായി ചന്ദ്രസേനനെന്നൊരു നരപതി.
ധന്യനെത്രയുമവൻ സുന്ദരൻ മഹാബലൻ
തന്നുടെ രാജ്യം പരിപാലിച്ചു വാഴുംകാലം

..............................................................

ചാപബാണങ്ങൾ കൈക്കൊണ്ടാനതൻ മുകളേറി
മന്ത്രിവൃന്ദങ്ങളോടും വ്യാധസേനകളോടും
അന്തർമ്മോദേന ചെന്നു ദണ്ഡകാരണ്യം പുക്കു

ക്രൂരശാർദ്ദൂലസിംഹസൂകരാദികളായ
ഘോരസത്വങ്ങളെയും കൊന്നുകൊന്നവരെല്ലാം
ചെന്നൊരു ശിലാതലേ വിശ്രമിച്ചോരുശേഷം
മന്നവൻതാനും ചൂതുപൊരുതു തുടങ്ങിനാൻ.
ഭൂപതിസമീപത്തു രണ്ടുവാരണങ്ങളെ
ഭൂപതിസചിവന്മാർ ബന്ധിച്ചാർ വൃക്ഷമൂലെ.
തത്സമീപത്തു നിവൃതമുന്നതവല്മീകം ക-
ണ്ടുത്സാഹത്തോടു കുത്തിത്തകർത്താർ ഗജങ്ങളും.

അന്നേരം വല്മീകത്തിൽ നിന്നാശു പുറപ്പെട്ടാ-
നുന്നതനൊരുപുമാനഞ്ജനശൈലംപോലെ.
തീക്കനൽപോലെ മൂന്നു വർത്തുളനേത്രങ്ങളും
ഭാസ്കരപ്രകാശങ്ങളാകിയ ദംഷ്ട്രകളും
പാതാളസമാനമാം വദനകുഹരവും
ഭൂതസന്ത്രാസനമായുള്ളോരു വദനവും
ഘോരമാം ത്രിശൂലവും കൈക്കൊണ്ടു കോപത്തോടും
വാരണദ്വയത്തെയും പിടിച്ചു ഭക്ഷിച്ചുടൻ
കോപത്തെസ്സഹിയാഞ്ഞു സിംഹനാദവും ചെയ്തു
ഭൂപതിയുടെ നേരേ വേഗേന ചെന്നീടിനാൻ.
അന്തകൻ വരുന്നിതു ഭക്ഷിപ്പാനെന്നു ഹൃദി
ചിന്തിച്ചു ഭയത്തോടു ഭൂപനും മന്ത്രികളും
സത്വരമോടുന്നതു കണ്ടവൻ പിമ്പേ ചെന്നാ-
നത്തലോടവർ സുതീക്ഷ്ണാശ്രമേ ചെന്നനേരം
ഭൂപതിവരനോടു ചോദിച്ചാൻ മുനിവരൻ.
"താപമുണ്ടായതെന്തു ചൊല്ലുക നരപതേ!
ഘോരമായൊരു ഭൂതം പിന്നാലെ വന്നീടുവാൻ
കാരണമെന്തു ചൊല്ലു; ഭീതികളും തീർത്തീടുവൻ".
എന്നതുകേട്ടനേരം വന്ദിച്ചു നരപതി
ഖിന്നതയോടും പറഞ്ഞീടിനാൻ സഗൽഗദം.
"വാരണഭഗ്നമായ വല്മീകത്തിങ്കൽനിന്നു
ഘോരനാമിവൻ പുറപ്പെട്ടതികോപത്തോടും
വാരണദ്വയത്തെയും ഭക്ഷിച്ചു ജിതശ്രമം
പാരാതേ ഞങ്ങളെയും ഭക്ഷിപ്പാനെത്തീടിനാൻ.
കാരണമെന്തെന്നതുമാരെന്നുമറിഞ്ഞീല
കാരുണ്യവാരാന്നിധേ പാഹിമാം തപോനിധേ

മാനവേശ്വരൻ ചൊന്ന വാക്കുകൾ കേട്ടനേരം
ജ്ഞാനചക്ഷുഷാ സർവ്വമറിഞ്ഞു സൂരിമുഖ്യനും
ഭൂപതിവരനോടു പേടിയായ്കെന്നു ചൊല്ലി-
ത്താപസൻ മഹാഭൂതം തന്നോടു ചൊല്ലീടിനാൻ.
"ദേവിയാം കാളിതന്റെ ഭൂതങ്ങൾക്കധിപൻ നീ
ദേവരാജനെപ്പോലും വധിക്കാമല്ലോ തവ.
ഏതുമേയൊന്നറിയാതെ ഭൂപതിവരനിന്നു
ചെയ്തപരാധം ഭവാൻ പൊറുത്തുകൊള്ളേണമേ.
ഇന്നതിനായിക്കൊണ്ടു ഞാനിതാ വന്ദിക്കുന്നേൻ"
എന്നതു കേട്ടു ഭൂതം വന്ദിച്ചു നടകൊണ്ടാൻ.

എന്നതു കണ്ടു നൃപനാദരവും വിസ്മയിച്ചു
വന്ദിച്ചു മുനിവരൻ തന്നോടു ചോദ്യം ചെയ്താൻ.
"ആരാകുന്നതു കാളിയെന്നു ചൊല്ലുന്നതവ-
ളാരുടെ പുത്രിയെന്നും ജന്മവും കർമ്മങ്ങളും
വിസ്തരിച്ചരുൾ ചെയ്തു കേൾപ്പാനിന്നഭിലാഷം
ചിത്തത്തിലേറ്റം വളർന്നീടുന്നു ദയാനിധേ!
ആകയാലിവയെല്ലാമരുളിച്ചെയ്തീടണം
ലോകൈകതപോനിധേ! സർവ്വജ്ഞനല്ലോ ഭവാൻ".

എന്നതു കേട്ടു മുനിശ്രേഷ്ഠനരുൾ ചെയ്താ-
നിന്നതു ചൊല്ലീടുവൻ കേട്ടാലും വഴിപോലെ.
പണ്ടൊരു കാലം ദേവദാനവസമരത്തിൽ
കൊണ്ടൽനേർവർണ്ണൻ ചെന്നു ദൈത്യരെ വധിക്കയാൽ
സന്തതിനാശംകൊണ്ടു ദൈത്യനാരികൾ ചിലർ
സന്താപത്തോടുവന്നു പാതാളേ മേവീടിനാർ.
അന്നൊരു നാളിൽ ദൈത്യനാരിയാം ദാരുമതി
ഖിന്നയായ്ദ്ദാനവതി തന്നൊടു ചൊല്ലീടിനാൾ
"കഷ്ടമെത്രയും ദൈത്യവംശവിച്ഛേദം വന്ന-
തൊട്ടുമേ സുഖമില്ല ശോകവും വളരുന്നു.
ഹന്ത! നാമിരുവരും ജീവിച്ചു വസിക്കുമ്പോൾ
സന്തതിനാശം ഭവിക്കുന്നതു കഷ്ടമല്ലോ.
എത്രയും വൃദ്ധരല്ലോ നമ്മുടെ ഭർത്താക്കന്മാർ
പുത്രന്മാരവർക്കിനിയുണ്ടാകയില്ല നൂനം.

സന്തതം പാതിവ്രത്യമുള്ള നാം നരന്മാരെ-
ക്കാന്തരായ് വരിപ്പതു ധർമ്മവുമല്ല പാർത്താൽ.
എന്നതുമൂലം ചതുർമ്മുഖനെസ്സേവിച്ചു നാം
നന്ദനലാഭത്തിനു വരങ്ങൾ വാങ്ങീടണം".

എന്നതുകേട്ടു ദാനവതിയും സന്തോഷിച്ചു
ചെന്നവരിരുവരും ഗോകർണ്ണമഹാക്ഷേത്രേ
പഞ്ചാഗ്നിമദ്ധ്യേ വായുഭക്ഷണത്തോടും നിന്നു
ചഞ്ചലമെന്യേ ചതുർമ്മുഖനെസ്സേവചെയ്താർ.
രണ്ടിരുപതുദിനം നിശ്ചലം സേവിച്ചതു
കണ്ടു സന്തോഷംപൂണ്ടു ധാതാവും പ്രത്യക്ഷനായ്
ഇഷ്ടമാം വരം വരിച്ചാലുമെന്നതു കേട്ടു
തുഷ്ടിയോടവർകളും വന്ദിച്ചുചൊല്ലീടിനാർ.
"ദൈത്യദാനവവംശവൃദ്ധ്യർത്ഥം ഞങ്ങൾക്കോരോ
പുത്രന്മാരുണ്ടാകേണം നിന്നുടെ കൃപയാലെ."
എന്നതുകേട്ടനേരം പുത്രന്മാരുണ്ടാം നിങ്ങൾ-
ക്കെന്നരുൾചെയ്തു മറഞ്ഞീടിനാൻ വിരിഞ്ചനും.
എത്രയും മോദത്തോടും ചെന്നവരിരുവരും
ഭർതൃശുശ്രൂഷചെയ്തു സുഖിച്ചുവാണീടിനാർ.

അക്കാമിനിമാരിരുവർക്കും ഗർഭവുമുണ്ടായ്വന്നു;
പുഷ്കരോത്ഭവവരം മിത്ഥ്യയായ് വന്നീടുമോ?
കാലത്താൽ പരിപൂർണ്ണമായിവന്നിതു ഗർഭം;
ബാലകന്മാരുമുണ്ടായ്വന്നിതങ്ങിരുവർക്കും.
ദാരുമത്യാത്മജനു ദാരുകനെന്നു നാമം
* വീരൻ ദാനവൻ ദാനവതിതന്നുടെപുത്രൻ.
വീരനാം ദാരുകനേ മൂഢതകൊണ്ടു ചിലർ
ദാരികനെന്നു പറഞ്ഞീടുന്നു ലോകത്തിങ്കൽ.
ദാരുകദാനവന്മാരുത്ഭവിച്ചോരുനേരം
ഘോരരൂപങ്ങളാകുമുൽപാതങ്ങളുമുണ്ടായ്.
അർക്കമണ്ഡലം ഭേദിച്ചുല്ക്കകളുത്ഭവിച്ചു;
രക്തവർഷവുംചെയ്തു ഗർജ്ജിച്ചു മേഘങ്ങളും;
പത്തുദിക്കിലുമഗ്നിജ്വാലകൾ കാണായ്വന്നു;
പൃഥ്വിയും പർവ്വതങ്ങളൊക്കെയും വിറച്ചിതേ;
ധൂമകേതുവും ഗഗനത്തിൽവന്നുദിച്ചിതേ;

ഭൂമിയുമാകാശവും മറഞ്ഞു തിമിരത്താൽ.
ഇത്തരമുൽപാതങ്ങൾ പിന്നെയുമൊട്ടേറെയ-
മെത്രയും ഘോരങ്ങളായ് കണ്ടിതങ്ങെല്ലാവരും.
ബാലന്മാരിരുവരും ലീലയാ വളർന്നുടൻ
കാലേന യൌവനം വന്നുദിച്ചോരനന്തരം
ആത്മവംശത്തെ നശിപ്പിച്ചതു വിഷ്ണുവെന്നും
പത്മജൻ വരപ്രദനെന്നതുമറികയാൽ
ദാരുകൻ ശോകമുണ്ണത്തെ പ്രാപിച്ചു വിരിഞ്ചനെ-
ഗ്ഘോരമായ്ത്തപം ചെയ്തു വാണിതു നിരാകുലം.
ഏറിയകാലം ഘോരതപസ്സു ചെയ്തശേഷം
വാരിജാസനൻതന്നെക്കാണാഞ്ഞു കോപത്തോടും
ദാരുകൻതാനും ഗളമറുത്തു ഹോമിപ്പാനായ്
ഘോരഖഡ്ഗേന നിജകണ്ഠത്തിൽ വെട്ടുന്നേരം
ഉർവിയിൽ പതിച്ചോരു രക്തബിന്ദുവിൽനിന്നു
സർവ്വേശൻ വിരിഞ്ചനും തൽക്ഷണം പ്രകാശിച്ചു
ദാരുകൻ തന്നോടരുളും ചെയ്തിതു കരുണയാ:—
"പാരമെത്രയും തവ സാഹസം കുമാരക!
ഇന്നിമേൽത്തവ രക്തബിന്ദുക്കളവനിയിൽ
വന്നുവീഴുകിലതിൽനിന്നുടനസംശയം
നിന്നോടു സമന്മാരായുണ്ടാകും ദാനവന്മാർ;
പിന്നെയെന്തൊരുവരം വേണ്ടതു? ചൊല്ലീടുക."
എന്നതുകേട്ടിട്ടുടൻ ദാരുകൻ മോദത്തോടും
വന്ദിച്ചു വിരിഞ്ചനോടിത്തരമുണർത്തിച്ചാൻ.
"യക്ഷകിന്നരരക്ഷോദൈത്യദാനവദേവ-
പക്ഷിപന്നഗമുഖദേവയോനികളാലും
മർത്ത്യയോനികളാലും താപസശാപത്താലും
മൂർത്തികൾ മൂവരാലുമവദ്ധ്യനാകേണം ഞാൻ.
നാരിമാരൊഴിഞ്ഞന്യേ ഭവൽസൃഷ്ടരായവ-
രാരാലും മമ മൃത്യു ഭവിച്ചീടരുതെന്നും.
സംഗരേ ജയം ലഭിച്ചീടുവാനായിക്കൊണ്ടു
മംഗലമാകും ബ്രഹ്മദണ്ഡവും നല്കീടേണം.
അയുതമത്തഗജബലവുമുണ്ടാകേണം;
മയനു സമമായ മായയുമുണ്ടാകേണം.

താമസി മായാവതിയെന്നേവം മന്ത്രത്രയം;
താമസമെന്യേ മമ നല്കേണമിവയെല്ലാം."
എന്നതുകേട്ടു ധാതാവങ്ങനെതന്നെയെന്നു
നന്ദിച്ചങ്ങരുൾചെയ്തു ചോദിച്ചു മധുരമായ്:—
"സ്ത്രീകളാലവദ്ധ്യത്വമെന്തു നീ വരിക്കാഞ്ഞു?
കൊല്കയില്ലെന്നതോർത്തോ വിസ്മൃതനാകകൊണ്ടോ?"
എന്നതു കേട്ടനേരം ചിരിച്ചു ദാരുകനും
വന്നൊരു മദത്തോടും പത്മജനോടു ചൊന്നാൻ:—
"സ്ത്രീകളാലവദ്ധ്യത്വം ഞാനിന്നു വരിക്കിലോ
നാരികൾ പഴിച്ചിടും; ലോകരും നിന്ദിച്ചിടും;
ലോകത്തിൽ പുമാന്മാർക്കു ലജ്ജയുണ്ടെന്നാകിലോ
സ്ത്രീകളാലവദ്ധ്യത്വമാരാനും വരിക്കുമോ?
ഘോരമാം മമ രൂപം കാണുന്നനേരം തന്നെ
നാരിമാർ തുലതുല്യമൊട്ടുമേ ചപലമാർ."
എന്നതു കേട്ടനേരം ധാതാവുമരുൾചെയ്താൻ:—
"നിന്നുടെ ഹൃദി ഗർവ്വമിത്രയുണ്ടാകമൂലം
ദിവ്യയായൊരു നാരി നിന്നെയും വധിച്ചിടും
ഗർവമുണ്ടായാലുണ്ടോ നല്ലതു വന്നീടുന്നു?
നിന്നുടെ ഭാര്യയെന്യേ ദിവ്യമാം മന്ത്രത്രയ--
മന്യന്മാരറികിലോ നിഷ്ഫലമതു; പിന്നെ
മന്ത്രങ്ങൾ ഫലിയാതെ ദണ്ഡവും ഫലിക്കയി"–
ല്ലെന്നതുകേട്ടനേരം ദാരുകൻതാനും ചൊന്നാൻ.
"ഏതൊരു ദിവ്യസ്ത്രീയെന്നാകിലും വധിക്കുമെ-
ന്നേതുമേ മമ ഹൃദി ഭീതിയുമില്ല തെല്ലും.
പേ പറയാതേ ഗമിച്ചാലു' മെന്നതുകേട്ടു
താപസഗണത്തോടും മറഞ്ഞു വിരിഞ്ചനും.

ദാരുകൻതാനും മദമത്തനായ് നടകൊണ്ടു
പാരാതെചെന്നു പിതൃമാതൃവന്ദനം ചെയ്തു.
ജ്യേഷ്ഠനാം ദാനവനെ വന്ദിച്ചു വൃത്താന്തങ്ങ-
ളൊട്ടൊഴിയാതേ പറഞ്ഞത്രയും മോദത്തോടും
ചിത്രമാം രാജധാനി തീർത്തുതന്നീടുകെന്നു
മിത്രമാം മയനോടു ദാരുകൻ ചൊല്ലീടിനാൻ.
പശ്ചിമാംബുധിതീരേ മയനാക്ഷണംകൊണ്ടു

വിശ്വകൎമ്മാവാകും (പ്രത്നനാം) തീൎത്തീടിനാൻ.
അപ്പുരിയുടേ ചിത്രം ചൊല്ലുവാനരുതാൎക്കും;
ശില്പമാമിന്ദ്രപുരം നിന്ദ്യമാമതുകണ്ടാൽ.
ചിത്രമാം പുരികണ്ടു ദാരുകൻ സന്തോഷിച്ചു
വസ്ത്രരത്നാദിയെല്ലാം മയന്നു നല്കീടിനാൻ.
മിത്രബന്ധുക്കളോടും ദാരുകൻ ചെന്നുപിന്നെ-
ച്ചിത്രമാം പുരിതന്നിൽ വസിച്ചു സുഖത്തോടും.
ചക്രത്തെ ബ്ഭയപ്പെട്ടു പാതാളദേശത്തിങ്കൽ
പുക്കൊളിച്ചിരിക്കുന്ന ദൈത്യദാനവരെല്ലാം
വൃത്താന്തം കേട്ടുചെന്നു ദാരുകൻ തന്നെക്കണ്ടാ-
രെത്രയും മാനിച്ചിതു ദാരുകനവർകളെ.
ദൈത്യദാനവഗണമൊക്കവേയൊരുമിച്ചു
ചിത്തത്തിൽനിരൂപിച്ചു (വേണ്ടതാം) കാൎയ്യങ്ങളും
ദാരുകൻ തനിക്കഭിഷേകവും ചെയ്തീടിനാർ;
പാരമാനന്ദംപൂണ്ടു വാണിതു ദൈത്യന്മാരും.
സംഖ്യയില്ലാതെയുള്ള ദൈത്യസേനകളോടും
ശങ്കയും കൈവെടിഞ്ഞു ദാരുകൻ വാണീടിനാൻ.
അദ്ധ്യായമൊന്നു പറഞ്ഞീടിനേനിനിയും ഞാൻ
മുഗ്ധലോചനമാരേ! ചൊല്ലുവൻ കേട്ടുകൊൾവിൻ.

ഒന്നാമദ്ധ്യായം സമാപ്തം.

## രണ്ടാമദ്ധ്യായം.

അങ്ങനേ വാഴുംകാലം ദാരുകനൊരുദിനം
മങ്ങാതെ പടയോടും ഘോഷിച്ചുപുറപ്പെട്ടു.
ഇന്ദ്രനെജ്ജയിക്കേണമെന്നോൎത്തു സുരാലയേ
ചെന്നാശു യുദ്ധത്തിനായ് വിളിച്ചാൻ മഹേന്ദ്രനെ.
ഖഡ്ഗചാപേഷുചാപ തോമരഭിണ്ഡിപാല-
മുദ്ഗരഗദാചക്രപട്ടസശൂലാദികൾ
ഹസ്തത്തിലെടുത്തുകൊണ്ടുന്നതകായന്മാരാം
ദൈത്യന്മാരുടേ സിംഹനാദവും ജ്യാഘോഷവും
തേരുരുൾനാദങ്ങളും ദന്തികൾനിനാദവും

ഭേരികളും നാദങ്ങളും കേൾക്കയാൽ സുരശ്രേഷ്ഠൻ
എന്തിതെന്നോർത്തുനോക്കുംനേരത്തു ദൈത്യബല-
മന്തമില്ലാതെകണ്ടു സംഭ്രമംപൂണ്ടു ശീഘ്രം
പാവകനാദിലോകപാലന്മാരൊരുമിച്ചു
ദേവഗന്ധർവ്വസിദ്ധകിന്നരഗണത്തോടും
ഘോരമായൈരാവതംതന്നുടേ മുകളേറി-
പ്പാരാതെ ചെന്നു ഘോരസംഗരം തുടങ്ങിനാൻ.

പിന്നെയുണ്ടായ യുദ്ധഘോഷങ്ങൾ ചൊല്ലീടുവാൻ
പന്നഗാധീശൻപോലുമാളല്ലെന്നതു ചൊല്ലാം.
ദാനവദേവബലം തങ്ങളിലേററനേരം
മാനികളായുള്ളവർ മരിച്ചാർ തെരുതെരെ.
ഹസ്തങ്ങൾ മുറിഞ്ഞിട്ടും പാദങ്ങൾ വേർപെട്ടിട്ടും
മസ്തകം തകൎന്നിട്ടും കണ്ഠം താൻ മുറിഞ്ഞിട്ടും
നേത്രങ്ങൾ പൊടിഞ്ഞിട്ടുമുദരം പിളൎന്നിട്ടു-
മാൎത്തരായ്നിലവിളിച്ചോടുന്നു ചിലരെല്ലാം.
അസ്ത്രശസ്ത്രങ്ങളേററു വീഴുന്നു ചിലരെല്ലാം;
മത്തവാരണങ്ങളും ചത്തങ്ങുപതിക്കുന്നു.
തേരുകൾ തകരുന്നു, വീരന്മാർ മരിക്കുന്നു;
ഭീരുക്കളൊളിക്കുന്നു; ചോരകളൊലിക്കുന്നു.
ഇത്തരം കോലാഹലമായുള്ള സമരത്തിൽ
ചത്തിതു ബഹുദൈത്യന്മാരെന്നേ പറയേണ്ടു.
ദാനവനാശം കണ്ടു കോപിച്ചു ദാരുകനും
വാനവർനാഥനോടു സംഗരത്തിനു ചെന്നാൻ.
പിന്നെയങ്ങവർതമ്മിലുണ്ടായ യുദ്ധഘോഷ-
മിന്നുരചെയ്തീടുവാൻ കാലമോ പോരായല്ലോ.
ശസ്ത്രാസ്ത്രജാലങ്ങളാൽ മറഞ്ഞു ദിഗന്തര-
മെത്രയും ഘോരമായി വന്നിതു യുദ്ധമപ്പോൾ.
ദിവ്യാസ്ത്രവർഷം തുടങ്ങീടിനാൻ ദാരുകനും;
സൎവ്വവും വജ്രാഗ്നിനാ വാസവൻ ദഹിപ്പിച്ചാൻ.
ദാരുകൻ ബ്രഹ്മദണ്ഡമെടുത്താനതുനേരം;
പാരമായ്ബ്ഭയപ്പെട്ടു ദേവകൾ മുനിമാരും.
പ്രത്യസ്ത്രമില്ലായ്കയാൽ നില്ക്കയില്ലെന്നോർത്തു
സത്വരം ദേവരാജൻ വിബുധജനത്തോടും

ഭീതിയോടോടിയൊളിച്ചീടിനാൻ ഗുഹാന്തരേ;
പ്രീതനായ് ജയഭേരി ഘോഷിച്ചു താരകനും.
നാകലോകത്തുള്ളോരു രത്നങ്ങളെല്ലാമെട്ട-
ത്താകലമെന്യേ കല്പവൃക്ഷങ്ങൾ പറിച്ചുടൻ
സ്വൎഗ്ഗത്തിലസുരസേനാധിപന്മാരെ വാഴി-
ച്ചുദ്ഗതാനന്ദം നിജമന്ദിരം പുക്കീടിനാൻ.

ലോകപാലന്മാൎക്കുള്ളോരുത്തമസ്ഥാനങ്ങളി-
ലാകലമെന്യേ ദൈത്യവീരരെക്കല്പിച്ചവൻ
ഭൂമിയും പാതാളവും ജയിച്ചു ജിതശ്രമം
സാമോദം ഗോബ്രാഹ്മണദ്രോഹവുംതുടങ്ങിനാൻ.
ദേവതാലയദ്വിജഗ്രാമങ്ങൾ ദഹിപ്പിച്ചു
ദേവതാപ്രതിമകളൊക്കെയും പൊടിച്ചതേ.
ഗോക്കളെത്തൊഴുത്തിലിട്ടടച്ചുകൊള്ളിവച്ചു
ശ്വാക്കളെക്കൊണ്ടു കടിപ്പിച്ചിതു പാന്ഥന്മാരെ.
ഇഷ്ടിയുമഗ്നിഹോത്രം യാഗവുമിവയെല്ലാം
മുട്ടിച്ചു തീൎത്ഥജലമൊക്കയും തൂൎത്തീടിനാർ.
മാൎഗ്ഗശാഖകളെല്ലാം തകൎത്തുകളഞ്ഞുടൻ
മാൎഗ്ഗവൃക്ഷങ്ങളെല്ലാം ഛേദിച്ചു കഠോരത്താൽ
കുലസ്ത്രീജനങ്ങൾക്കു ദോഷവുമുണ്ടാക്കിനാർ;
കലക്കീടിനാർ വിഷം മാൎഗ്ഗകൂപത്തിലെല്ലാം.
ഇത്തരം പലവിധം ലോകപീഡകൾ ചെയ്താർ;
മത്തരാം ദാനവന്മാർ താരകനിയോഗത്താൽ.

അക്കാലം താരകനും മയനന്ദിനിയായ
പുഷ്കരവിലോചനതന്നെയും വേട്ടീടിനാൻ.
നാമവും മണ്ഡോദരിയെന്നവൾക്കാകുന്നിതു;
കോമളാംഗിയാമവൾക്കൊത്ത നാരികളില്ല.
കാമിനീമണിയോടുമൊന്നിച്ചു ദിവാനിശം
കാമലീലയുംചെയ്തു താരകൻ വാണീടിനാൻ.
കാമുകനായുള്ളോരു താരകൻ പ്രിയയുടേ
കോമളരൂപം കണ്ടു തന്നെത്താൻ മറക്കയാൽ
അധരാമൃതപാനംചെയ്തുചെയ്തഹോരാത്രം
സുധയും മധുരമല്ലിത്രയെന്നോൎത്തുവാണാൻ.
സുന്ദരിമാരായുള്ളോരപ്സരസ്ത്രീകളേയും

പന്നഗസ്ത്രീകളെയും ദാരുകൻ ബലത്താലേ
കൊണ്ടുപോന്നങ്ങു മണ്ഡോദരിതൻ ദാസ്യത്തിനായ്-
കൊണ്ടുപാർപ്പിച്ചീടിനാനെന്തൊരു കഷ്ടമോർത്താൽ!
പാദസംവാഹനാദിദാസീകർമ്മങ്ങളെല്ലാം
ഖേദേന ചെയ്യുവാണാരപ്സരസ്ത്രീകളെല്ലാം.
ഇത്തരം ത്രൈലോക്യത്തിലുള്ളോരു ജനങ്ങളെ
നിത്യവുമോരോതരം ദ്വേഷിച്ചു മഹാഖലൻ
മദ്യപാനവും ചെയ്തു മത്തനായ് ദിവാനിശം
ഉദ്യോഗത്തോടും സ്വൈരം തത്ര താൻ വാണീടിനാൻ.
ചൊല്ലിനേനിന്നു രണ്ടാമദ്ധ്യായം ചുരുക്കി ഞാൻ;
മല്ലലോചനമാരേ ചൊല്ലുവൻ കഥാശേഷം

രണ്ടാമദ്ധ്യായം സമാപ്തം.

---

## മൂന്നാമദ്ധ്യായം.

ഏറിയകാലമേവം കഴിഞ്ഞോരനന്തരം
പാരമാമത്തൽപൂണ്ടു ദേവവൃന്ദങ്ങളെല്ലാം
താപസന്മാരോടൊത്തു സത്യലോകത്തു ചെന്നു
താഴ്പന വിരിഞ്ചനെക്കണ്ടു വന്ദിച്ചീടിനാർ.
സങ്കടംപൂണ്ടു വന്ന ദേവസഞ്ചയത്തോടു
പങ്കജാസനൻ ചോദിച്ചീടിനാൻ മധുരമായ്.
"എന്തൊരുമൂലം നിങ്ങളെല്ലാരുമൊരുമിച്ചു
സന്താപത്തോടുമത്ര വന്നതു ചൊല്ലീടുവിൻ.
എന്തെങ്കിലും ഞാൻ തീർത്തുകൊള്ളുവൻ" എന്നതു കേട്ടു
സന്താപമുണ്ടായതിൻകാരണമുണർത്തിച്ചാർ.
"പങ്കജാസന! ഭവാൻ നല്കിയ വരത്തിനാൽ
ശങ്കയും കൈവെടിഞ്ഞു ദാരുകനായ ദൈത്യൻ
നാകലോകാദി മൂന്നുലോകവും ജയിച്ചുടൻ
നാകനാരികളെയും ദാസിമാരാക്കീടിനാൻ.
പാപികളായ ദൈത്യസഞ്ചയം ദിനംതോറും

താപസവിപ്രഗോഹത്യാദികൾ ചെയ്തീടുന്നു.
പിന്നെയുമവരോരോ ദുഷ്ടത ചെയ്തീടുന്ന-
തൊന്നൊന്നൊഴിയാതെ പറഞ്ഞീടുവാനരുതാർക്കും.
ഇക്കാലമിതിന്നൊരു ശാന്തിയില്ലെന്നാകിലോ
നിൽക്കയുമില്ല ലോകമെന്നതുമുണർത്തിക്കാം.
ത്രൈലോക്യവാസികളായുള്ളൊരു ജനങ്ങളെ
ത്രൈലോക്യനാഥ! പരിപാലിച്ചുകൊള്ളേണമേ."
ഇത്തരം ദേവവാക്യംകേട്ടൊരു വിരിഞ്ചനും
സത്വരമവരോടും ക്ഷീരാബ്ധിതീരേ ചെന്നാൻ.
എല്ലാരുമൊരുമിച്ചു ദൈത്യാരിതന്നെവന്ദി-
ച്ചുള്ളവുണ്ടായതെല്ലാമുണർത്തിച്ചൊരുനേരം
നന്ദിച്ചു മുരാരിയുമവരോടരുൾചെയ്താൻ:—
"ഒന്നിച്ചുനാമെല്ലാരും കൈലാസേ ഗമിക്കണം.
സംഹാരമൂർത്തിയാകും രുദ്രനെന്നിയെയാർക്കും
സംഹരിക്കാവതല്ല ദാരുകദൈത്യേന്ദ്രനെ".
എന്നരുൾചെയ്തവരോടൊന്നിച്ചു കൈലാസാദ്രൌ
ചെന്നവർ സങ്കടങ്ങൾ രുദ്രനോടുണർത്തിച്ചാർ.
എന്തിനിവേണ്ടതെന്നു ശങ്കരൻ നിജഹൃദി
ചിന്തിച്ചു വിരിഞ്ചനൊടിത്തരമരുൾചെയ്തു:—
"ദാനവേന്ദ്രനു ഭവാൻ കൊടുത്തോരായുസ്സിന്നു
ഹാനിവന്നീടുവാനും കാലമിന്നടുത്തിതോ?"
ഇത്തരംകേട്ടു പത്മസംഭവനരുൾചെയ്തു
ദൈത്യനു ദീർഘായുസ്സു നല്കിയതില്ലല്ലോ ഞാൻ;
നാരിമാരൊഴിഞ്ഞു മൽസൃഷ്ടന്മാരായവരാൽ
ദാരുകനവദ്ധ്യത്വം നല്കിനേനതേയുള്ളൂ."
എന്നതുകേട്ടനേരം മാധവനരുൾചെയ്താൻ:—
"ഇന്നു ഞാനെങ്കിലൊരുകൌശലം ചൊല്ലീടുവൻ;
ഇന്നു നാം മൂന്നുപേരുമിന്ദ്രനും യമൻ ഗുഹ-
നെന്നിവരാറുപേരും സൃഷ്ടിക്ക നാരിമാരെ.
സ്വായുധങ്ങളും നിജചിഹ്നവും നല്കീടേണ-
മായവർക്കെന്നാലവർ ദൈത്യനേ വധിച്ചീടും.
എന്നതുകേട്ടു രുദ്രൻ സന്തോഷിച്ചരുൾചെയ്തു:—
"നന്നുനന്നിതു സൃഷ്ടിചെയ്ക നാം വൈകീടാതെ."

ബ്രഹ്മാവിൻദേഹത്തിൽനിന്നന്നേരമൊരുനാരി
ബ്രഹ്മാണിയെന്നു നാമംപൂണ്ടാശുപുറപ്പെട്ടു.
ഇന്ദ്രനാമിന്ദ്രാണിയെ വിഷ്ണുവും വൈഷ്ണവിയെ
സ്കന്ദനാം കൌമാരിയെ യമനും വാരാഹിയെ
ശങ്കരൻ മാഹേശ്വരിതന്നെയും നിൎമ്മിച്ചുടൻ
പങ്കജനേത്രമാൎക്കു മാതൃസംജ്ഞയും നല്കി.
തങ്ങൾക്കു തങ്ങൾക്കുള്ള വാഹനായുധങ്ങളും
മംഗലചിഹ്നങ്ങളും നല്കിനാരെല്ലാവരും.
ഏറിയ സേനകളും കൊടുത്തു മാതൃക്കളെ-
ദ്ദാരുകവധത്തിനു പോകെന്നു നിയോഗിച്ചാർ.
ബ്രഹ്മാണീമുഖ്യമാരാം മാതൃക്കളൊരുപോലും
ബ്രഹ്മവിഷ്ണ്വീശസ്കന്ദവാസവയമന്മാരെ
വന്ദിച്ചു നമസ്കരിച്ചാശീർവാദവുംവാങ്ങി
നന്ദിച്ചു ദേവഗണതാപസാനുജ്ഞയോടും
ഒന്നിച്ചുപുറപ്പെട്ടു നാലംഗപ്പടയോടും
ചെന്നുദാരുകൻതന്റെ മന്ദിരംവളഞ്ഞുതേ.

വീൎയ്യമേറുന്ന മാതൃസൈന്യങ്ങളതുനേരം
ഭേരികൾഘോഷിച്ചാൎത്തുവിളിച്ചുനിന്നീടിനാർ.
ഭാൎയ്യതൻകുചകുംഭേ മത്തനായ്ക്കിടക്കുന്ന
ദാരുകൻ മാതൃസൈന്യഘോഷങ്ങൾകേട്ടനേരം
എന്തിതെന്നോൎത്തു ചെറ്റുസംഭ്രമംപൂണ്ടു ശീഘ്ര-
മന്തികേ നില്ക്കുന്നോരു ദൂതനെ നിയോഗിച്ചാൻ.
„സുന്ദരിമാരായൊരുനാരിമാർ സൈന്യവുമാ-
യൊന്നിച്ചുവന്നു നാലുഭാഗത്തും വസിക്കുന്നു.
വീൎയ്യവുമേറെയുണ്ടുനാരിമാൎക്കെന്നുതോന്നും;
ശൌൎയ്യവാരിധേ! സൈന്യം കാൺകിലോ ഭയംവരും.„
ദൂതവാക്യങ്ങൾകേട്ടു ദാരുകൻ നിന്ദയോടും
ചേതസി മദത്തോടും ദൂതനോടരുൾചെയ്താൻ:-
„ചെന്നുനീ കപാലാഖ്യനാകുമെൻ സേനാപതി
തന്നോടു മമവാക്യം വൈകാതെചൊല്ലീടുക.
ദാനവസേനയോടുമിപ്പോഴേ ചെന്നു ദുഷ്ട-
മാനിനിമാരെക്കേശകൎഷണംചെയ്തു ശീഘ്രം
കൊണ്ടിങ്ങുവന്നു ദാസീവൃന്ദത്തിൽചേൎത്തീടണം;

കണ്ടാൽനന്നാകുമെങ്കിൽ കണ്ടിട്ടുനിരൂപിക്കാം.”
ഇത്തരം ദാരുകന്റെ കല്പനകേട്ടു ദൂതൻ
സത്വരം സേനാപതിയോടതുപോലെ ചൊന്നാൻ.
സ്വാമിശാസനമേവം കേട്ടൊരു സേനാപതി
ഭീമദാനവസൈന്യമൊന്നിച്ചു പുറപ്പെട്ടു.
ദുന്ദുഭിഘോഷത്തോടും ചെന്നുടൻ മാതൃജന-
സന്നിധൌ ചെന്നു സേനാപതിയുംചൊല്ലീടിനാൻ:—
“കാമിനിമാർക്കു കാമസംഗമെന്നിയേ മഹാ-
ഭീമരാം ദൈത്യന്മാരൊടെങ്ങനെ പോർചെയ്യുന്നു?
വാമമാം കരത്തിലോ ദക്ഷിണഹസ്തത്തിലോ
കോമളഗാത്രിമാരേ! ചാപങ്ങൾ ധരിക്കേണ്ടു?
ആയുധംതൊട്ടീടാമോ നാരിമാർക്കൊരുനാളും
മായകളൊന്നും ഫലിച്ചീടുകയില്ലിവിടെ.
അന്ധകാരങ്ങളൊന്നുമോർക്കാതെ ശീഘ്രംപോന്നു
സന്തതം മണ്ഡോദരീദാസിമാരായ് വാഴുവിൻ.
ഇച്ഛയിച്ചു ദൈത്യന്മാരോടൊന്നിച്ചുവാണീടുവി-
നിച്ഛയാ പോരാട്ടിലും കേശകർഷണംചെയ്വൻ.
സൈന്യമുണ്ടെന്നോർത്തു ഗർവങ്ങൾതുടങ്ങേണ്ട;
ദൈന്യതയനുഭവിച്ചീടാതെ പോന്നീടുവിൻ.”
ഇത്തരമവനോരോ ദുർവാക്യംചൊല്ലുന്നേര-
മസ്ത്രങ്ങൾ വന്നുമെയ്യിൽതറച്ചു തെരുതെരെ;
ഒന്നുസംഭ്രമിച്ചവൻ വന്നൊരുകോപത്തോടും
നന്നുനന്നെന്നുപറഞ്ഞസ്ത്രങ്ങൾതൂകീടിനാൻ.
സേനകൾതമ്മിൽപ്പോരുചെയ്തുനിന്നീടുന്നേരം
ദാനവസൈന്യമെല്ലാം നശിച്ചു നിമിഷത്താൽ.
സത്വരം ചക്രംകൊണ്ടു വൈഷ്ണവിതാനുമപ്പോൾ
ദൈത്യസേനാധിപൻതൻ കണ്ഠവുംമുറിച്ചതേ.
പോരതിൽമരിയാത്ത ദൈത്യന്മാരോടിച്ചെന്നു
ദാരുകനോടുവാർത്തയൊക്കെയുമറിയിച്ചാർ.
മാനിയാം ദൈത്യേശ്വരൻ വാർത്തകൾകേട്ടനേരം
ദാനവനായുള്ളൊരു തന്നുടെ പൂർവ്വജനെ
ദാനവസേനയോടുമയച്ചാനവനപ്പോൾ
മാനവും നടിച്ചാശു പോരിനായ്ച്ചെന്നീടിനാൻ.

നീലാദ്രിതുല്യനവൻ മുദ്ഗരംധരിച്ചൊരു
കാലദൂതനെപ്പോലെ ചെന്നതുകണ്ടനേരം
ഭീതിപൂണ്ടിതു മാതൃസൈന്യങ്ങളതുകണ്ടു
ഭീതിയെന്നിയേ യുദ്ധംചെയ്തിതു മാതൃക്കളും.
ഘോരസംഗരംചെയ്തുനിന്നീടും ദശാന്തരേ
പാരിച്ചകോപമൊടും ദേവിയാംമാഹേശ്വരി
ദാനവവക്ഷസ്ഥലേ കുത്തിനാൾശൂലംകൊണ്ടു
ദീനനായവൻനിന്നു വിറച്ചു വിവശനായ്
ഘോരമാമരുവിയാർന്നൊലിക്കും ഗിരിപോലെ
ചോരയുമൊലിച്ചാശു മരിച്ചുവീണിടിനാൻ.
ചാകാതെയുള്ള ദൈത്യസേനകളോടീടിനാർ;
നാകികൾ മാതൃക്കളെപ്പുഷ്പവർഷവുംചെയ്താർ.
ചിത്തസന്തോഷത്തോടേ വാണിതുമാതൃക്കളു-
മിത്തരം മൂന്നദ്ധ്യായം ചൊല്ലിനേൻ ചുരുക്കി ഞാൻ.

മൂന്നാമദ്ധ്യായം സമാപ്തം.

---

## നാലാമദ്ധ്യായം.

അഗ്രജൻ മരിച്ചതു കേട്ടു ദാരുകൻ പാരം
വ്യഗ്രതപൂണ്ടു പിന്നെക്കോപിച്ചങ്ങെഴുന്നേററു
"ഇന്നു ഞാൻതന്നേ ഗമിച്ചീടുവൻ പോരി"നെന്നു
സന്നദ്ധനായിപ്പെരുംതേരിലങ്ങേറീടിനാൻ.

.............................................................

ഹസ്ത്യശ്വരഥങ്ങളോടപ്പോഴേ പുറപ്പെട്ടാർ;
സംഖ്യയില്ലാത്ത ദൈത്യസേനകൾ മഹാഭേരീ-
ശംഖദുന്ദുഭിമുഖവാദ്യങ്ങൾ മുഴക്കിനാർ.
വാരണവാജിരഥശബ്ദഘോഷങ്ങൾകൊണ്ടു
പാരമായ് വിറച്ചിതു മൂന്നുലോകവുമപ്പോൾ.

ഇത്തരംഘോഷത്തോടും ദാരുകൻ പുറപ്പെട്ടു
സത്വരം മാതൃഗണസന്നിധൌ ചെന്നശേഷം
കോപിച്ചു മാതൃക്കളോടിത്തരംചൊല്ലീടിനാൻ:—
"പാപിഷ്ഠമാരേ! നിങ്ങൾക്കായുധംതൊട്ടീടാമൊ
എന്തൊരുമൂലം നിങ്ങൾ സംഗരംചെയ്തീടുവാൻ
ചന്തമുണ്ടെന്നതോർത്തു വല്ലതുംകാട്ടീടാമൊ?

എന്നെയുമഭയപ്പെട്ടു മറഞ്ഞു ധരണിയി-
ലന്നമിരക്കുന്നോരു ദീനരാമിന്ദ്രാദികൾ
നിങ്ങളെ നിയോഗിച്ചതെങ്കിലോ മരിച്ചീടാ-
തങ്ങുപൊയ്ക്കൊൾവിൻ കണ്ടുകൊള്ളുവിനല്ലായ്കിലോ."
എന്നുരചെയ്തു ശരവർഷങ്ങൾ ചെയ്താനവ-
നൊന്നുമേ മാതൃജനദേഹത്തിൽത്തറച്ചീല.
പിന്നെയാബ്രഹ്മദണ്ഡമയച്ചു മന്ത്രദ്വയം
നന്നായിജ്ജപിച്ചു; നിഷ്ഫലമായിതെല്ലാം.
നാരിമാരോടു ഫലിച്ചീടുകില്ലിവയെന്ന
വാരിജോത്ഭവശാപമന്നേരം നിനച്ചവൻ
താതമാതാക്കൾ നിങ്ങൾക്കാരെന്നു ഭയത്തോടും
മാതൃക്കളോടു ചോദിച്ചപ്പോഴേ ചൊന്നാരവർ
"ബ്രഹ്മേശവിഷ്ണുയമഷണ്മുഖമഹേന്ദ്രന്മാർ
നിർമ്മിച്ചാർ ഞങ്ങളാറുപേരെയുമറിഞ്ഞാലും.
ദേവേശാംശോത്ഭൂതരാം ഞങ്ങളെക്കൊന്നീടുവാൻ
കേവലം പ്രാകൃതനാം നീ മതിയാമോ മൂഢ?
നിന്നെക്കൊല്ലുവാൻ ഞങ്ങൾ പോരുമെന്നതു നൂനം;
പന്നഗങ്ങളെക്കൊൽവാൻ നകുലിക്കെന്തു ദണ്ഡം?
ദുഷ്ടനാം മഹിഷനെക്കൊന്നതും സുംഭാദിയെ-
പ്പെട്ടെന്നുവധിച്ചതുമംബികാദേവിയല്ലോ.
ആയതുകൊണ്ടുതന്നെ സംഗരേ നാരിമാർക്കു-
മായുധമെടുത്തൊട്ടീടാമെന്നതും വന്നതല്ലോ.
വല്ലതുംപറയാതെ പൂരുഷനെന്നാകിൽ നീ
നില്ലുനില്ലുരക്ഷണം നേരിട്ടു രണാങ്കണേ.
കൊല്ലുവൻ ഞങ്ങ"ളെന്നു കേട്ടു ദാരുകൻപാരം
വല്ലാതെ കോപംപൂണ്ടു സായകവർഷംചെയ്താൻ.
ശക്തിവജ്രാസികുന്തചക്രശൂലങ്ങൾ പിന്നെ-
പ്രത്യേകം മാതൃക്കൾക്കുനേരായി പ്രയോഗിച്ചാൻ.
എല്ലാമേ ഖണ്ഡിച്ചവരപ്പോഴേ ദൈത്യേന്ദ്രനെ
നല്ലബാണങ്ങൾകൊണ്ടു മൂടിനാരതുനേരം.
ദാരുകൻ ബഹുവിധം മായകൾ കാട്ടീടിനാൻ.
ഘോരമായ് ദാവാനലൻവന്നിതങ്ങൊരുദിശി;
ഭൂതവേതാളപ്രേതരാക്ഷസപിശാചന്മാർ

ഭൂതലംനിറഞ്ഞതിഘോരമായ് ശബ്ദിക്കുന്നു,
വാരികളൊരുദിശി വന്നാശു പരക്കുന്നു;
ഘോരസർപ്പങ്ങൾ പാഞ്ഞുവന്നാശു പറക്കുന്നു;
പർവ്വതങ്ങളുംവന്നുവീഴുന്നുസേനാമദ്ധ്യേ;
സർവ്വലോകവുമിവകണ്ടതിഭയംപൂണ്ടാർ.
ഇത്തരംമായകണ്ടു കോപിച്ചു മാഹേശ്വരി
നേത്രാഗ്നിതന്നിൽ മായയൊക്കെയും ദഹിപ്പിച്ചാൾ.
പിന്നെത്തൻകരസ്ഥിതമായിട്ടും ത്രിശൂലത്താ-
ലൊന്നുകുത്തിനാൾ ദൈത്യൻതന്നുടെ ഗളാന്തരേ.
അന്നേരം ദൈത്യഗളത്തിങ്കൽനിന്നൊരുരക്ത-
ബിന്ദുവീണതുചെന്നു ഭൂതലേ പതിച്ചപ്പോൾ
അതിൽനിന്നുത്ഭവിച്ചാരായിരംദനുജന്മാ-
രതിവിസ്മയം വിധിവരവൈഭവമോർത്താൽ.
പിന്നെയും രക്തബിന്ദു വീണിതു തെരുതെരെ
മുന്നേതുപോലെതന്നെ ദൈത്യരുമുണ്ടാകുന്നു.
ശോണിതോത്ഭവന്മാരാം ദൈത്യദാനവന്മാരാൽ
ക്ഷോണിയുമാകാശവും പൂർണ്ണമായ് ചമഞ്ഞുതേ.
എന്നതുകണ്ടു മാതൃസംഘവും ഭയത്തോടു-
മന്യോന്യമുരചെയ്താ"രെന്തിനിച്ചെയ്യേണ്ടു നാം?
രക്തസംഭവദൈത്യപൂർണ്ണമായ് മഹീതലം
ശക്തിയും ദാരുകനു സമമുണ്ടിവർക്കെല്ലാം.
രക്തബീജത്വമിവർക്കൊക്കെയുമുണ്ടായ്വരും;
നില്ക്കയില്ലിവരോടു നാമതുമൂലമേതും;
സത്വരംമറഞ്ഞുവാണീടു"കെന്നുരച്ചവർ
തത്രൈവ ഹിമാചലേ മറഞ്ഞുവാണീടിനാർ.

മാതൃക്കൾ മറഞ്ഞൊരു നേരത്തു ദാരുകനും
പ്രീതനായേററംചിരിച്ചിത്തരംചൊല്ലീടിനാൻ:
„ഘോരന്മാരായ രക്തസംഭവന്മാരെക്കണ്ടു
നാരിമാർ ഭയത്തോടുമോടിപ്പോയൊളിച്ചുതേ.
ഘോരരാമിവരെക്കൊണ്ടെന്തിനിച്ചെയ്യേണ്ടതും?
പോരിനായ് വന്നജനമൊക്കെയുമോടിയല്ലോ."
എന്നതുകേട്ടനേരം മന്ത്രിമാരുരചെയ്തു
„ഇരിന്നവർകളെ ദുർഗ്ഗരക്ഷയ്ക്കു നിയോഗിക്ക-

എന്നതുകേട്ടനേരം ദാരുകൻ ചൊല്ലീടിനാൻ:-
„മുന്നമേ ദൈത്യരക്ഷസ്സുകളുണ്ടല്ലോ ജനമേററം
ആകയാലിന്നു സർവ്വലോകത്തെ ദ്വേഷിപ്പാനായ
വൈകാതെ കല്പിച്ചയച്ചീടേണമിവരെ നാം.
പോരിനായെതിർവന്ന നാരിമാരുടെ താത-
ന്മാരെ കൊല്ലുവാനയച്ചീടേണമല്ലായ്കിലോ;
എന്നതുകേട്ടുവൃദ്ധനായൊരു മന്ത്രിചൊന്നാൻ:-
„ഇന്നിഹ സാഹസങ്ങൾ ചെയ്കിലോ നാശമുണ്ടാം.
വൈരിതൻബലമറിയാതെ സാഹസംചെയ്തു
വീരനാം ദശാനനനുൻമൂലനാശംവന്നു."

ഇത്തരമോരോന്നവർ ചൊല്ലിവാഴുന്നനേരം
തത്ര ചെന്നിതു ബലാൽ നാരദമഹാമുനി.
ദാരുകനതുനേരം പൂജിച്ചു മുനീന്ദ്രനെ
പാരാതെ കുശലങ്ങൾ ചൊല്ലിയോരനന്തരം
ലോകവാർത്തകളെല്ലാം ചൊല്ലുന്നു പറഞ്ഞപ്പോ-
ളാകുലമെന്നിയേ മുനിശ്രേഷ്ഠനരുൾചെയ്താൻ:—
„ധാതാവു സത്യലോകേ സൌഖ്യമായ് വസിക്കുന്നു;
ഭൂതേശൻ കൈലാസാദ്രൌ വാഴുന്നു സുഖത്തോടും;
വൈകുണ്ഠലോകേ സുഖം വാഴുന്ന നാരായണ-
നാകുലമില്ലിവർ മൂവർക്കും സുഖംതന്നെ.
മൂവരും സൃഷ്ടിസ്ഥിതിസംഹാരകർത്താക്കന്മാർ
ദേവകളെയും പാലിച്ചീടുന്നതവരല്ലോ.
തൽപാദരജസ്സുകൾ മൂർദ്ധ്നി നീ ധരിക്കിലോ
കെല്പേറും ദുരിതങ്ങളൊക്കയും നശിച്ചുപോം.
തൽകഥ പറകിലും കേൾക്കിലും ദുരിതങ്ങ-
ളൊക്കയും നശിച്ചീടും ബുദ്ധിയും വരുമല്ലോ!"

ഇത്തരംകേട്ടു കോപംപൂണ്ടു ദാരുകൻചൊന്നാൻ:—
„നിസ്രൂപനാകുന്ന നീ ചൊന്നതുപോരുംപോരും.
ആത്മജയോടുമൊത്തു നിത്യവും രമിക്കുന്ന
പത്മസംഭവൻ മഹാധന്യനെത്രയുമോർത്താൽ!
പൂജിച്ചു വേണ്ടതെല്ലാം നല്കിയ ബലിതന്നെ
വ്യാജേന ബന്ധിച്ചോരു ധർമ്മിഷ്ഠൻ നാരായണൻ!
ഭൂതപ്രേതങ്ങളോടുമൊന്നിച്ചു ചുടലയിൽ

പ്രീതനായ് നൃത്തംചെയ്തു ഭിക്ഷയുമേററു ശിവൻ
ലജ്ജയെന്നിയേ ദിഗംബരനായ് നടക്കുന്ന-
തിജ്ജനമറിഞ്ഞിട്ടില്ലെന്നതോ നിനച്ചു നീ?
താടിക്കാരുടെശീലമിങ്ങനേയുള്ളു പണ്ടേ;
പേടിച്ചോടിടും ബുദ്ധിയില്ലാത്ത ജനങ്ങളെ.
ഇത്രയും മമ ശത്രുസ്തുതിചെയ്യുന്നനിന്നെ
സത്വരം താടികരിച്ചയച്ചീടണമിപ്പോൾ"
എന്നുരചെയ്തു കോപിച്ചവനമൈ്യനേററാ-
നന്നേരം ഭയംപൂണ്ടു മറന്നു നാരദനും.
സത്വരം കൈലാസാദ്രൗ ചെന്നു ശങ്കരൻതന്നെ-
ച്ചിത്തതാപേന വന്ദിച്ചിത്തരംചൊല്ലീടിനാൻ
"ഫാലലോചന! പരമേശ്വര! ജയജയ!
നീലലോഹിത! കാലനാശന! ജയജയ!
ത്രൈലോക്യവാസികളായുള്ളോരുജനങ്ങളെ
ത്രൈലോക്യനാഥ! പരിപാലിച്ചുകൊള്ളേണമേ!
സ്വൈരമായോരോദിശി സഞ്ചരിച്ചീടുന്ന ഞാൻ
ദാരുകാസുരഗൃഹേ ചെന്നിതു യദൃച്ഛയാ;
വൃത്താന്തമവനുമന്നെന്നോടു ചോദിച്ചപ്പോൾ
മൃത്യുശാസന! തവ വൈഭവം ചെററുചൊന്നേൻ
അന്നേരംകോപിച്ചവൻ നിന്തിരുവടിതന്നെ
നിന്ദിച്ചു ചൊന്ന വാക്കു ചൊല്ലുവനാളല്ലഞാൻ.
എന്നെയും ഭത്സിച്ചവമാനിപ്പാൻ തുടന്നപ്പോൾ
വന്നൊരുഭീത്യാ മറഞ്ഞത്രവന്നിതു ഞാനും.
താരകസുംഭദശാസ്യാദികളായുള്ളവ-
രാരുമേ നമ്മോടേവം ചൊല്ലിയതില്ല മുന്നം.
ഇത്തരമെങ്കിലിന്നു ലോകങ്ങൾ നശിച്ചുപോം;
മത്തരാമസുരന്മാർക്കില്ലൊരുനാശമേതും.
ഘോരമായ് മാതൃഗണം സംഗരംചെയ്തശേഷം
ദാരുകരക്തോത്ഭവന്മാരായ ദാനവന്മാർ
ക്ഷോണിയിൽ നിറഞ്ഞതു കാൺകയാൽ മാതൃക്കളും
ക്ഷീണതയോടു മറഞ്ഞൊളിച്ചു വസിക്കുന്നു.
ഇന്നതുമൂലം ദൈത്യവീരനെസ്സംഹരിപ്പാ-
നന്യനെക്കണ്ടീലഞാൻ നിന്തിരുവടിയെന്യേ.

വീരരാംപുരന്മാരെബ്ഭസ്മമാക്കിയപോലെ
ദാരുകനേയും കൊന്നു പാലിക്ക ജഗത്ത്രയം."
നാരദനേവം ചൊന്ന വാക്കുകൾ കേട്ടനേരം
ദാരുകനോടു പാരം കോപിച്ചു പുരാന്തകൻ.
ഘോരമായട്ടഹാസംചെയ്തെഴുന്നേററനേര-
മീരേഴുലോകങ്ങളും വിറച്ചു ഭയത്തിനാൽ.
നാലാമദ്ധ്യായവും ഞാൻ ചൊല്ലിനേൻ ചുരുക്കമായ്.
പാലൊലുംമൊഴിമാരേ! ശേഷവും കേട്ടുകൊൾവിൻ.

നാലാമദ്ധ്യായം സമാപ്തം.

---

## അഞ്ചാമദ്ധ്യായം.

കാലാരി ഘോരരൂപംകൈക്കൊണ്ടു നിന്നനേരം
ഫാലനേത്രത്തിൽനിന്നു ധൂമവും പുറപ്പെട്ടു
വിഷ്ഫുലിംഗങ്ങളോടുമൊന്നു സംഭ്രമിച്ചിതു;
തൽപദം പണിഞ്ഞിതു ദേവതാപസന്മാരും.
അന്നേരം രുദ്രനേത്രംതന്നിൽനിന്നുത്ഭവിച്ചാ-
മന്യൂനകോപമൂർത്തിയാകിയ ഭദ്രകാളി
അഞ്ജനഗിരിപോലെ ഘോരങ്ങളായുള്ളോരു
കുഞ്ജരങ്ങളെക്കാതിലണിഞ്ഞ ശോഭയോടും
എണ്ണമില്ലാത്ത വക്ത്രനേത്രബാഹുക്കളോടു-
മർണ്ണവശബ്ദതുല്യഘോരശബ്ദങ്ങളോടും
വഹ്നിജ്വാലാകുലങ്ങളായ നേത്രങ്ങളോടും
സുന്ദരകാളമേഘതുല്യമാം വർണ്ണത്തോടും
പർവ്വതതുല്യകുചഭാരവും ധരിച്ചതി-
ദുർവ്വാരകോപത്തോടും കാളിയെക്കണ്ടനേരം
നാകികൾ ഭയത്തോടുമോടിയങ്ങൊളിച്ചിതു;
ലോകങ്ങൾവിറച്ചിതു; ശൈലങ്ങൾപതിച്ചിതു.
ഇത്തരം കാളിതന്റെ ഘോരമാം രൂപംകണ്ടു
ചിത്തവിഭ്രമംപൂണ്ടു ഗൌരിയുമരുൾചെയ്താൾ.
"ബാലികേ! മമ സുതേ! ഘോരമാം തവ രൂപം
മാലോകർകണ്ടു ഭയപ്പെട്ടിതാ മണ്ടിടുന്നു.
ആകയാലിന്നിക്കണ്ടരൂപത്തെസ്സംഹരിച്ചു

ലോകദർശനയോഗ്യരൂപത്തെ ധരിച്ചാലും.
മാതൃക്കളാറുപേരിന്നുള്ള വർഗ്ഗ്യയായി-
പ്രീതികൈക്കൊണ്ടു ചാമുണ്ഡാഖ്യയായ് വസിക്കനീ.”
പ്രീതിയോടേവം ഗൌരിതന്നുടെ വാക്കുകേട്ടു
മാതൃപാദത്തെ വന്ദിച്ചേറ്റവും വിനീതയായ്
ഘോരമാം നിജരൂപമപ്പൊഴേ മറച്ചിതു;
പാരമാനന്ദംപൂണ്ടു ലോകവാസികളെല്ലാം.
ഏകവക്ത്രവും മൂന്നു സുന്ദരനേത്രങ്ങളും
കൈകളും പതിനാറുണ്ടായുധജാലത്തോടും.
ദിവ്യമാല്യാഭരണഭൂഷിതശോഭയോടും
ദിവ്യരൂപയാം കാളിതന്നെക്കണ്ടതുനേരം
വന്ദിച്ചു മടിയിൽവച്ചാശ്ലേഷംചെയ്തുകൊണ്ടു
വന്ന സന്തോഷത്തോടും ശങ്കരനരുൾചെയ്തു:--
“കണ്ഠേകാളാഖ്യയുള്ളോരെന്നുടെ പുത്രിയായി
കണ്ഠേകാളിയെന്നൊരു നാമമുണ്ടാകും തവ.
മൽഗളസ്ഥിതകാളകൂടത്തിൻ കാളവർണ്ണം
ത്വൽഗാത്രേ ശോഭിക്കയാൽ കാളിയെന്നൊരു നാമം.
ഭൈരവം മമ കോപമൂർത്തിയായ് വന്ന തവ
ഭൈരവിയെന്നുമൊരു നാമമുണ്ടാകും ഭദ്രേ!
പിന്നെയും ഭദ്രകാളീചാമുണ്ഡാഭദ്രാദിയാം
നിന്നുടെ നാമങ്ങളുണ്ടസംഖ്യമറിഞ്ഞാലും.”
എന്നരുൾചെയ്തു കണ്ഠേകാളിക്കു ധരിപ്പാനായ്
സുന്ദരമായ ദന്തിചർമ്മവും നല്കീടിനാൻ.
വന്ദിച്ചു കാളിതാനും താതനോടറിയിച്ചാൾ:—
“ഇന്നു ഞാനെന്തുചെയ്യേണ്ടതെന്നരുൾചെയ്ക.”
എന്നതുകേട്ടു മഹാദേവനുമരുൾചെയ്താൻ:—
“ഇന്നുനീ ദാരുകനാം ദൈത്യനേ വധിക്കണം.
ഖലനാമവനീരഞ്ചായിരം ഗജതുല്യ-
ബലമാണ്ടവൻ മായാബലവുമുണ്ടുപാരം;
നാരിമാരൊഴിഞ്ഞാർക്കും കൊന്നുകൂടായ്കകൊണ്ടു
പാരാതെ ചെന്നവനേ വധിച്ചു വരിക നീ.”
എന്നതുകേട്ടുനേരം കാളിയുമുണർത്തിച്ചാൾ:—
“ഇന്നു ഞാൻ ഭവൽകൃപകൊണ്ടവൻതന്നെക്കൊല്വൻ.

ഇന്നു വാഹനായുധസേനകൾ നല്കീടേണ"-
മെന്നതുകേട്ടനേരം ശങ്കരനരുൾചെയ്തു.
"വക്രമായൊരു ഖഡ്ഗം തോമരം ത്രിശൂലവും
ചക്രവും മുദ്ഗരവും ചാപവുമിവയെല്ലാം
ഇന്നു ഞാൻ നല്കീടുവൻ തവ സഹായാർത്ഥം പുന-
രൊന്നിച്ചു നൂറുകോടിബഹുഭൂതങ്ങളും ഗമിച്ചീടും.
പിന്നെയും കൂളികളും പോന്നിടും നിരവധി;
ചെന്നുനീയവരോടും ദൈത്യനെ വധിച്ചാലും.
എത്രയും ഘോരരൂപയായൊരു വേതാളിതാ-
നുത്തരഭാഗേ കൈലാസാദ്രൗ പോയ്‌വസിക്കുന്നു.
ചെന്നവളുടെ കണ്ഠമേറി നീ ഗമിച്ചാലു-
മിന്നു കൌണ്ഡികൻ കാട്ടിത്തന്നീടുമവളെയും."

എന്നതുകേട്ടനേരം കാളിയും താതൻതന്നെ
നന്ദിച്ചു നമസ്കരിച്ചാശീർവ്വാദവുംവാങ്ങി
ആയുധപാണിഭൂതജാലങ്ങളോടും വായു-
വേഗേന ചെന്നീടിനാൾ കൈലാസോത്തരദേശേ.
അന്നേരം തത്ര ശയിച്ചീടുന്ന വേതാളിയും;
നന്ദിച്ചു കാളിതാനുമവളോടുരചെയ്തു.
"സന്തതം കിടക്കുന്നതെന്തു നീ? തവ ഹൃദി
ചിന്തിതം നല്കീടുവനെന്നെ നീവഹിച്ചാലും"
എന്നതുകേട്ടു കാളിതന്നോടു ചൊല്ലീടിനാൾ:-
"ഇന്നേഴുനാളെല്ലാനരുതെനിക്കു വിശപ്പിനാൽ.
കുക്ഷിപൂരണത്തിനു വേണ്ടതു നല്കീടുകി-
ലിക്ഷണം ഭവതിയെ വഹിച്ചുകൊണ്ടീടുവൻ.
എന്നല്ല ലോകങ്ങളിന്നൊക്കയും വഹിച്ചീടാം"
എന്നതുകേട്ടു ഭദ്രകാളിയുമരുൾചെയ്താൾ.
ദാരുകഗേഹേ ചെന്നു ദൈത്യവീരനെക്കൊന്നു
ചോരയും മാംസങ്ങളും വേണ്ടതു നല്കീടുവൻ;
ഒന്നിച്ചു നൂറായിരം ശവങ്ങളും നല്കീടുവൻ."
എന്നുകേട്ടെഴുന്നേററു മോദേന വേതാളിയും
സ്നാനവുംചെയ്തു ഗിരിധാതുക്കളലംകരി-
ച്ചാദരവോടു ലതാമാല്യവും ധരിച്ചുടൻ
ഭദ്രകാളിയെ നിജകണ്ഠത്തിൽ വഹിച്ചിതു;

ഭദ്രമായ് ഭൂതങ്ങളും വസിച്ചു പൃഷ്ഠഭാഗേ.
അന്നേരം നന്ദി മഹാകാളനും പുറപ്പെട്ടു
ഖിന്നതവെടിഞ്ഞാശ്ശു നടന്നു വേതാളിയും.
ഭൂതങ്ങളസംഖ്യമായ് പൃഷ്ഠത്തുവസിപ്പതു
വേതാളിയറിഞ്ഞതില്ലേതുമെന്തൊരു ചിത്രം!
വാദ്യങ്ങളോരോതരം ഘോഷിച്ചു ഭൂതങ്ങളു-
മുദ്യോഗത്തോടുമാത്തുവിളിച്ചു പോകുംനേരം
കാനനേ മറഞ്ഞിരുന്നീടിന മാതൃക്കളും
സേനകളോടും ചെന്നു കാളിയെ വണങ്ങിനാർ.
നന്ദിച്ചുകാളിതാനും സോദരിമാരെപ്പുണ-
ൎന്നൂനമോദമവരൊന്നിച്ചു പുറപ്പെട്ടു.
മാതൃസേനകളോടും ഭൂതജാലങ്ങളോടും
മാതൃക്കളെഴുപേരും ദാരുകപുരം പുക്കാർ.
സത്വരം നാലുപുറം വളഞ്ഞു സൈന്യങ്ങളു-
മുത്തരദ്വാരി ചെന്നു വാണിതു മാതൃക്കളും.

ഭൂതങ്ങളുടെ സിംഹനാദഘോഷങ്ങൾകൊണ്ടും
മാതൃസേനകളുടെ ഞാണൊലിശബ്ദംകൊണ്ടും
വേതാളിതന്റെ ഹീഹീശബ്ദഘോഷങ്ങൾകൊണ്ടും
ഭൂതങ്ങൾ മുഴക്കുന്ന ഭേരീശബ്ദങ്ങൾകൊണ്ടും
ശൂലികളാക്കുന്നൊരു ദുസ്സഹശബ്ദം കൊണ്ടും
കാളിതന്നട്ടഹാസഘോരശബ്ദങ്ങൾകൊണ്ടും
വാരണവാജിരഥനേമിഘോഷങ്ങൾകൊണ്ടും
പാരമാസ്ഥിരച്ചിതു മൂന്നുലോകവുമപ്പോൾ.
കാമിനി മന്ദോദരിയൊന്നിച്ചു ദിവാനിശം
കാമലീലകൾചെയ്തു ദാരുകൻവസിക്കുമ്പോൾ
ഘോരശബ്ദങ്ങൾകേട്ടു സംഭ്രമിച്ചെഴുന്നേററു
കാരണമറിവാനായ് ദൂതനെനിയോഗിച്ചാൻ.
ചെന്നവനന്തരമാം ഗോപുരം കടന്നപ്പോൾ
നന്ദിതാൻ കണ്ടു പൊത്തിപ്പിടിച്ചുകോപത്തോടും
താഡിച്ചങ്ങൊരുവൃക്ഷം കണ്ഠത്തിൽകെട്ടിവിട്ടാൻ;
പീഡിച്ചു ദൂതൻ ചെന്നു ദാരുകനോടുചൊന്നാൻ.
"ദാനവരാജ! ശത്രുകാനനദാവാനല!
ദീനനാമെന്നെപ്പരിപാലിച്ചുകൊള്ളേണമേ.

വൈരികൾ പിടിപെട്ടുകണ്ഠത്തിൽബന്ധിച്ചോരു
ദാരുകൻ ഭാരംകൊണ്ടു ദീനതപെരുകുന്നു.
നിത്യവും മദ്യപാനംചെയ്തു കാന്തയോടൊത്തു
മത്തനായ്‌വാഴുന്നവൻ വാർത്തയെന്തറിയുന്നു?
സംഖ്യയില്ലാത ശത്രുസേനകൾചുഴലവും
ശങ്കകൂടാതെ വന്നുനില്ക്കുന്നു രണത്തിനായ്.
ഏറ്റുനാരിമാരവർക്കാശ്രയമാകുന്നതു-
മേറ്റില്ലൊരുനാരി നാഥയെന്നതുംതോന്നും.
ആയവളുടെ ഗാത്രമഞ്ജനഗിരിസമ-
മായതപീനങ്ങളായീരെട്ടുഭുജങ്ങളും;
തീക്കനൽപോലെ വൃത്തനേത്രങ്ങൾ മൂന്നവൾക്കു
ശീതരശ്മികൾപോലൊന്നാലുണ്ടുദംഷ്ട്രകളും.
ഭൈരവനാദം കേട്ടാലെവനും വിറച്ചുപോം;
ഘോരയാമവൾക്കുപേർ കാളിയെന്നാകുന്നുപോൽ.
ശൂലചക്രാദിചാപാദ്യായുധങ്ങളുമുണ്ടു
കാലനിന്നൊരു നാരീരൂപമായ്‌വന്നപോലെ.
ഇന്നുഞാൻ പലതരം പറഞ്ഞിട്ടെന്തുകാര്യം?
ചെന്നവളുടെ രൂപം കാണുമ്പോളറിഞ്ഞീടാം."
ഇത്തരം ദൂതവാക്യം കേട്ടു ദാരുകൻ ചെററു
ചിത്തസംഭ്രമംപൂണ്ടു ചിന്തചെയ്തുക്ഷണം
ദൂതനെസ്സാന്ത്വനം ചെയ്തയച്ചോരനന്തരം
ചേതസ്സുമുറപ്പിച്ചു മന്ത്രികളോടു ചൊന്നാൻ.
വീരനാം നമ്മോടിന്നുസംഗരം ചെയ്തീടുവാൻ
നാരിമാർ വന്നതോർത്താലെത്രയും ചിത്രം ചിത്രം!
ചെന്നരിസൈന്യമെല്ലാം സംഹരിച്ചാശുനിങ്ങൾ
കന്യകമാരെബ്ബന്ധിച്ചിങ്ങു കൊണ്ടുവന്നിടുവിൻ.
ഇത്തരം ദാരുകന്റെ ശാസനം കേട്ടനേരം-
മുത്തമന്മാരായെട്ടു മന്ത്രിമാർ പുറപ്പെട്ടാർ.
ധൂമ്രനാം ധൂമ്രാക്ഷനാം കങ്കരൻ ജയന്ധനൻ
താമ്രാക്ഷൻ കൃപാണനും ബാണനും സ്ഥൂണൻതാനും.
എന്നിവരെട്ടുമന്ത്രിശ്രേഷ്ഠന്മാർ സൈന്യങ്ങളോ-
ടൊന്നിച്ചുപുറപ്പെട്ടു പോർക്കളം പുക്കനേരം
ഭൂതസംഘങ്ങളോടും കാളിയെക്കണ്ടവർക്കു

ഭീതിയും വിസ്മയവും കോപവുമുണ്ടായ്‌വന്നു.
അന്തമില്ലാതെയുള്ള ദൈത്യസേനയെക്കണ്ടു
സന്തോഷത്തോടുമപ്പോൾ കാളിയുമലറിനാൾ.
ഭൈരവമായകാളിതന്നുടെ നാദം കേട്ടു
പാരതിൽ തെരുതെരെ വീണിതു ദാനവന്മാർ.
ഭൂതവൃന്ദവും ദൈത്യസേനയും തമ്മിൽപിന്നെ-
ച്ചേതസി കോപത്തോടും സംഗരം തുടങ്ങിനാർ.
ശസ്ത്രാസ്ത്രവൃഷ്ടികൊണ്ടു മൂടിനാർ പരസ്പരം;
ചിത്രമെന്നുരചെയ്താർ കണ്ടുനിന്നവരെല്ലാം.
ഖഡ്ഗസായകശൂലപട്ടസപരശുധ-
മുദ്ഗരപ്രാസഗദാതോമരവജ്രാദികൾ
അന്യോന്യം പ്രയോഗിച്ചതേററു സേനകൾക്കെല്ലാം
ഛിന്നമായ്‌വന്നു കാലും കരവുമുദരവും.
വീരരായുള്ള ജനം നേരെപാഞ്ഞടുക്കുന്നു;
വാരണങ്ങളും ചത്തു ഭൂമിയിൽ പതിക്കുന്നു.
ചോരകളോരോവഴി പാരമായൊലിക്കുന്നു;
ഭൈരവിതന്റെ നാദം നീളവേ പരക്കുന്നു.
പല്ലുകൾ കടിക്കുന്നു; തല്ലുകൾ തടുക്കുന്നു;
വില്ലുകൾ കുലയ്ക്കുന്നു; നില്ലെന്നങ്ങുരയ്ക്കുന്നു;
മുഷ്ടികൊണ്ടിടിക്കുന്നു; ദംഷ്ട്രകൾ ചുവക്കുന്നു;
കഷ്ടമെന്നുരയ്ക്കുന്നു; പെട്ടങ്ങുകിടക്കുന്നു;
അമ്പുകൾതറയ്ക്കുന്നു; വമ്പുകളുരയ്ക്കുന്നു;
കുമ്പിട്ടുകളിക്കുന്നു; കമ്പംപൂണ്ടൊഴിക്കുന്നു;
ഇത്തരമോരോയുദ്ധഘോഷങ്ങളുണ്ടായതു
വിസ്തരിച്ചുരചെയ്‌വാനാവതല്ലോതവനം.
    ഇത്തരം ഘോരമാകും സംഗരേ കാളിതാനും
ദൈത്യസേനയെക്കൊന്നു വീഴ്ത്തിനാൾ തെരുതെരെ.
പിന്നെ വേതാളിയോടു ചൊല്ലിനാൾ „വൈകാതെന്നി
തിന്നാലും ശവമെല്ലാം രക്തപാനവും ചെയ്തു
കൂളികൾ കൂടെപ്പോരുമവർക്കും കൊടുക്കെ”ന്ന
കാളിതൻ വാക്കുകേട്ടു മോദേന വേതാളിയും
സത്വരം കൂളികളോടൊന്നിച്ചുപുറപ്പെട്ടു
രക്തപാനവും ചെയ്തു നൃത്തവും തുടങ്ങിനാൾ.

ദൈത്യന്മാരുടെ ശവസഞ്ചയം വേതാളിയും
പത്തുമൻപതും നൂറുമൊന്നിച്ചു തിന്നീടിനാർ.
എല്ലുകൾ കടിക്കുന്ന ശബ്ദഘോഷങ്ങൾ കേട്ടാൽ
പല്ലുകൾ വജ്രംകൊണ്ടു നിർമ്മിച്ചതെന്നു തോന്നും.
ഇത്തരമിരുനൂറുകോടിദാനവശവം
സത്വരം ഭുജിച്ചൊട്ടു തൃപ്തിയായ് വേതാളിയും
രക്തൗഘനദികളിൽ മുങ്ങിയുമൂളിയിട്ടും
രക്തപാനവുംചെയ്തു നൃത്തവും നിവൃത്തിനാർ.
എന്നതുപോലെതന്നെ ശൂലികൾ ദൈത്യശവം
തിന്നു രക്തപാനവുംചെയ്തതിതൃപ്തിപൂണ്ടാർ.
അനന്തരം കാളിതാനും ശൂലചക്രാസികളാൽ
കൊന്നുവീഴ്ത്തിനാർ ദൈത്യസേനകളേവരേയും.
ചാകാതെയുള്ള ദൈത്യസേനകളോടിപ്പോയാർ;
നാകികൾ കാളിതന്നെപ്പുഷ്പവർഷവും ചെയ്താർ.
ദാനവസൈന്യങ്ങളെക്കൊന്നതു കണ്ടനേരം
സാനന്ദം മാതൃക്കളും കാളിയെ വാഴ്ത്തീടിനാർ.
നല്ലൊരു ജയശ്രീയാം സഖിയോടൊരുമിച്ചു
കല്യാണമോടും തത്ര വാണിതു കാളിതാനും.
പഞ്ചമമദ്ധ്യായം ഞാൻ ചൊല്ലിനേൻ ചുരുക്കമായ്;
ചഞ്ചലമിഴിമാരേ ശേഷവും കേട്ടുകൊൾവിൻ.

അഞ്ചാമദ്ധ്യായം സമാപ്തം.

---

## ആറാമദ്ധ്യായം.

ദാരുകനിനിവന്നു കാളിയോടെതിർത്തീടും;
പോരതിഘോരമായിട്ടുണ്ടാകുമതുനേരം;
ഇന്നതുവഴിപോലെ കാണണം നമുക്കെല്ലാ-
മെന്നു ചിന്തിച്ചു ദേവവൃന്ദവും മുനിമാരും
ആകാശമാർഗ്ഗേ ചെന്നു നിറഞ്ഞോരനന്തരം
ലോകൈകമാതാവാകും കാളിയെക്കണ്ടീടിനാർ
ദേവിയെക്കണ്ടു വന്ദിച്ചേറ്റവും ഭക്തിയോടു

ദേവതാപസഗണം സ്തുതിച്ചുതുടങ്ങിനാർ:—
"ലോകനിർമ്മാണസ്ഥിതിസംഹാരേ! മഹാദേവി!
ശോകനാശിനി! ഭക്തവത്സലേ! നമോസ്തുതേ.
ചാമുണ്ഡേ! ഭദ്രകാളി! ചണ്ഡികേത്യാദികളാം
നാമങ്ങളുള്ള മഹാഭൈരവി! നമോസ്തുതെ.
വാരിജോത്ഭവവന്ദ്യേ! മാരനാശനനുതേ!
വാരിജനേത്രാനുജെ! നിൻപാദം വണങ്ങുന്നേൻ.
ദന്തഖണ്ഡിതദൈത്യേ! ദന്തികുണ്ഡലധരെ!
(ബന്ധമോക്ഷദേ!) ദേവി! നിൻപാദംവണങ്ങുന്നേൻ.
ഷോഡശമഹാഭുജേ! ബഡബാനലമുഖേ!
ക്രീഡയാ ജിതദൈത്യേ! നിൻപാദം വണങ്ങുന്നേൻ.
ശൂലമുദ്ഗരഹസ്തേ! കാലകാലാക്ഷിജാതേ!
നീലജീമൂതവർണ്ണേ! നിൻപാദം വണങ്ങുന്നേൻ.
ഘോരനാം മഹിഷനെസ്സംഹരിച്ചതും നീയെ;
പോരതിൽ സുംഭാദിയെസ്സംഹരിച്ചതും നീയേ;
രക്തബീജരെക്കൊന്നു രക്ഷചെയ്തതും നീയേ;
ശക്തനാം ഭണ്ഡാസുരൻ തന്നെക്കൊന്നതും നീയേ;
ക്ഷോണിയായതും നീയേ! വാണിയായതും നീയേ!
ലക്ഷ്മിയായതും നീയേ! ഗൌരിയായതും നീയേ!
ഈരേഴുലോകങ്ങളിലുള്ളവയെല്ലാം നീയേ!
കാരുണ്യവാരാന്നിധേ! സർവ്വവസ്തുവും നീയേ
അവ്യക്തേ! വ്യക്തരൂപേ! നിർഗ്ഗുണേ! ഗുണാശ്രയേ!
ഭവ്യഭൂതേ! ഭൂതേശി! വേദൈകവേദ്യേ! ശിവേ!
സച്ചിദാനന്ദരൂപേ! സത്യസങ്കല്പേ! നിത്യേ!
ത്വച്ചരണാബ്ജം സദാ ശരണം; നമോസ്തുതേ!'
　　ഇത്തരം പലവിധം സ്തുതിച്ചു ദേവാദികൾ
ചിത്തഖേദേന പിന്നെക്കാളിയോടുണർത്തിച്ചാർ.
"ദാരുകദൈത്യേന്ദ്രനാൽ ക്ലിഷ്ടരായുള്ള ഞങ്ങ-
ളാരുമേയൊരുഗതിയില്ലാഞ്ഞു വലയുന്നു.
പാപികളായ ദൈത്യസഞ്ചയം ദിവാനിശം
താപസാശ്രമമെല്ലാം കൊള്ളിവച്ചെരിക്കുന്നു.
രക്തമാംസങ്ങളഗ്നികുണ്ഡത്തിൽ നിറയ്ക്കുന്നു;
ഭക്തരാം മുനികളെബ്ഭത്സിച്ചു താഡിക്കുന്നു.

യജ്ഞങ്ങൾ മുടക്കുന്നു; വൃക്ഷങ്ങൾ മുറിക്കുന്നു;
യജ്ഞപാത്രങ്ങളെല്ലാം ഭേദിച്ചങ്ങെറിയുന്നു.
ആശ്രമാങ്കണേ മലമൂത്രങ്ങൾ നിറച്ചവ-
രാശ്രമമുനിപത്നിമാരെയും ഹരിക്കുന്നു.
വാപികൾ കൂപങ്ങളും തീർത്ഥങ്ങളിവയെല്ലാം
പാപികൾ തൂർത്തീടുന്നു; കഷ്ടമെന്താവതോർത്താൽ?
ഇത്തരമവരോരോ ദുഷ്ടതചെയ്യുന്നതു
വിസ്തരിച്ചറിയിപ്പാനാവതല്ലൊരുവർക്കും.
നാഗലോകവുംവിട്ടു നാരികളെല്ലാവരു-
മാകുലത്തോടു മുനിവൃന്ദവും ഭയത്തോടും
അന്നപാനാദികളുംകൂടാതെ ഗുഹകളിൽ
ചെന്നൊളിച്ചനുദിനം വാഴുന്നു വിവശരായ്;
ലോകത്തെരക്ഷിപ്പതിന്നവതാരംചെയ്തോരു
ലോകനായികേ! തവ ചേതസി കരുണയാ
ദാരുകാസുരൻതന്നെ വധിച്ചു ലോകത്രയം
കാരുണ്യവാരാംനിധെ! പാലിച്ചുകൊള്ളേണമേ".

ഇത്തരം ദേവഗണം സ്തുതിച്ചോരനന്തരം
ചിത്തകാരുണ്യംപൂണ്ടു കാളിയും മോദത്തോടും
ആനന്ദാമൃതവാരിപൂർണ്ണമാം കടാക്ഷത്താൽ
ദീനരാമവർകളെ മന്ദമായ്കടാക്ഷിച്ചാൾ.
ദേവിതൻകടാക്ഷമാമമൃതസേകംകൊണ്ടു
ദേവതാപസഗണമെത്രയുമാനന്ദിച്ചാർ.
ഭേരീദുന്ദുഭിമുഖവാദ്യഘോഷങ്ങൾകൊണ്ടും
ഘോരരാം ഭൂതഗണസിംഹനാദങ്ങൾകൊണ്ടും
വേതാളിമുഖോദ്ഗതട്ടഹാസശബ്ദംകൊണ്ടും
ഭീതിപൂണ്ടിതു ലോകവാസികളെല്ലാവരും.
കാളിയും യുദ്ധത്തിനായുറച്ചുനിന്നീടിനാൾ
മേലതിലദ്ധ്യായമിന്നാറുഞാൻചൊല്ലീടിനാൻ.

ആറാമദ്ധ്യായം സമാപ്തം.

---

## ഏഴാമദ്ധ്യായം.

മന്ത്രികളെട്ടുപേരും സംഗരേ മരിച്ചതു-
മന്തമില്ലാത ദൈത്യസേനകൾ മരിച്ചതും

കേട്ടതികോപംപൂണ്ടു ദാരുകൻ മഹാരഥൻ
വാട്ടമെന്നിയേ പുറപ്പെട്ടിതു യുദ്ധത്തിനായ്.

സുന്ദരീമണിമൗലിയാകിയ മനോദരി
തന്നോടുരഹസ്യമായ് ദാരുകൻചൊല്ലീടിനാൻ:
"പണ്ടു നാന്മുഖൻ മമ നല്കിയ മന്ത്രദ്വയ-
മുണ്ടതുജപിക്കിലോ സംഗരേ ജയംവരും.
എന്നതുകൊണ്ടു നീയുമെപ്പോഴുംജപിച്ചാല-
മിന്നുഞാൻ മന്ത്രദ്വയം നിന്നോടു ചൊല്ലീടുവൻ.
ശത്രുക്കളറികിലോ മന്ത്രങ്ങൾ ഫലിച്ചിടാ;
സത്യമിന്നതുകൊണ്ടു ശ്രദ്ധമായ് ജപിക്ക നീ."
എന്നുരചെയ്തു മന്ത്രയുഗ്മവുമുപദേശി-
ച്ചുന്നതഗാഢരാഗം പുണർന്നു പുറപ്പെട്ടാൻ.

സൗവർണ്ണകിരീടഹാരാംഗദാദികളാലേ
സർവ്വാംഗമലങ്കരിച്ചത്രയും തേജസ്സോടും
ചിത്രമാം രഥം വലംവച്ചതിലേറീടിനാൻ
ഛത്രചാമരങ്ങളും ശോഭിച്ചു ചുഴലവും.
മേരുതൻമൂർദ്ധ്നി സൂര്യനുദിക്കുന്നതുപോലെ
ദാരുകൻ മഹാരഥമദ്ധ്യത്തിൽ വിളങ്ങിനാൻ.
ദൈത്യദാനവസൈന്യമാകവേ പുറപ്പെട്ടാർ
ധാത്രിയും ദൈത്യന്മാരാൽ പൂർണ്ണമായ്‌വന്നിതപ്പോൾ
ദാനവസേനകൾക്കു സംഖ്യയുമില്ല പാർത്താൽ;
മാനവുംബലവുമുണ്ടേററവുമെല്ലാവർക്കും;
വാരിധിതുല്യഘോഷദൈത്യസേനകളോടും
ഭേരീദുന്ദുഭിമുഖവാദ്യഘോഷങ്ങളോടും
അഞ്ജനഗിരിയേക്കാളുന്നതഗാത്രന്മാരാം
കുഞ്ജരക്കോടിയോടുമംബുദരഥത്തോടും
സംഖ്യയില്ലാത ഖരവാജിവൃന്ദങ്ങളോടും
ശംകയുംവെടിഞ്ഞങ്ങു ദാരുകൻ ഗമിച്ചുടൻ
ഉത്തരദ്വാരദേശം കടന്നുചെന്നനേരം
തത്ര കാളിയെക്കണ്ടു വിസ്മയംപൂണ്ടീടിനാൻ.
സംഖ്യയില്ലാതു ദൈത്യശവങ്ങൾ കിടപ്പതു
സങ്കടത്തോടുകണ്ടു കോപിച്ചു ദാരുകനും
ഭൈരവനാദത്തോടും കാളിയോടുരചെയ്താൻ:—

“ആരു നീ ദൈത്യന്മാരെക്കൊല്ലുവാനെന്തുമൂലം?
ഇന്ദ്രജാലങ്ങൾകൊണ്ടോ മായകൾകൊണ്ടോ ചൊല്ലു-
ടിന്നു നീ ദൈത്യന്മാരെക്കൊന്നതു മഹാമൂഢേ!
ഇന്നിധയൊന്നല്ലാതെ നാരിമാൎക്കുണ്ടോ വീൎയ്യ-
മെന്നുമേ നാരീജനം ജയിച്ചു കേൾപ്പീല ഞാൻ.
വിക്രമമുണ്ടെന്നൊരു ഗൎവ്വമുണ്ടെന്നാകിൽ
നില്ലു നില്ലു നീ മമ മുന്നിലിന്നരക്ഷണം.
പെണ്ണുങ്ങളായവരെക്കൊല്ലരുതതുകൊണ്ടു
കണ്ണുനാസികാച്ഛേദംചെയ്തു ഞാൻ വിട്ടീടുവൻ.”
ഇത്തരമുരചെയ്തു ദാരുകൻ കോപത്തോടു-
മസ്ത്രശസ്ത്രങ്ങൾകൊണ്ടു വൎഷവുംതുടങ്ങിനാൻ.
ദാരുകാസ്ത്രങ്ങളെല്ലാം ഛേദിച്ചു കാളിനേരം
ഘോരസായകവൎഷം ചെയ്തുകൊണ്ടലറിനാൾ.
ശസ്ത്രങ്ങളൊന്നും ഫലിച്ചീടാഞ്ഞു ദൈത്യേശ്വരൻ
ചിത്തത്തിലോൎത്തു ദിവ്യാസ്ത്രങ്ങളെ പ്രയോഗിച്ചാൻ.
ആസുരം ദൈത്യാസ്ത്രവും രാക്ഷസം പൈശാചവും
ഭാസുരം മായാസ്ത്രമിത്യാദിയാം ദിവ്യാസ്ത്രങ്ങൾ
ദൈത്യേന്ദ്രൻ പ്രയോഗിച്ചതൊക്കെയും കാളിതാനും
പ്രത്യസ്ത്രമെയ്തു നശിപ്പിച്ചതുകണ്ടുനേരം
സത്വരം ബ്രഹ്മദണ്ഡമെടുത്തു ഭക്തിയോടും
ഉത്തമമന്ത്രദ്വയം ജപിച്ചു ദാരുകനും
“ഇന്നുനിന്നുടെഗാത്രം ഭസ്മമാക്കീടുവൻ ഞാൻ”
എന്നുരചെയ്തു ബഹുവീൎയ്യമൊടയച്ചതേ.
കല്പാന്താനലപ്രഭമായിട്ടും ബ്രഹ്മദണ്ഡം
കെല്പോടു വരുന്നതു കണ്ടൊരു ദേവന്മാരും
താപസന്മാരും വിപ്രവൃന്ദവും ഭയപ്പെട്ടു
താമരേന വിരിഞ്ചനെ സ്തുതിച്ചു ചൊല്ലീടിനാർ.
“പങ്കജാസന ജയ! പങ്കനാശന ജയ!
സങ്കടം തീൎത്തു പാലിക്കേണമേ ജഗത്ത്രയം.
ഉത്തമം തവ ദണ്ഡം നിന്തിരുവടി മുന്നം
ദൈത്യനു കൊടുക്കയാൽ വന്നിതു നാശമേവം.
ഘോരമാം ദണ്ഡമിന്നു ഭൈരവിയുടെ നേരേ
ദാരുകനയച്ചതു പാരമായ് ജ്വലിക്കുന്നു.

പ്രത്യൂഹമില്ലായ്കയാൽ നിന്നുടെ കരുണയാ
സ്വസ്തി നല്കേണം ഭദ്രകാളിക്കുംലോകങ്ങൾക്കും."
ഇത്തരമെല്ലാവരും പ്രാർത്ഥിച്ചു നില്ക്കുന്നേരം-
മെത്രയും മന്ദഗതിയായ്വന്നു മഹാരണ്ഡം.

അപ്പോഴേ കാളിതാനും യുദ്ധഭൂമിയിൽനിന്നു
പിൽപ്പാട്ടു വാങ്ങി ശ്രമംതീർക്കാനായിരിക്കുമ്പോൾ
സത്വരം കാത്യായനീദേവിയുമെഴുന്നള്ളി-
പ്പുത്രിയാം കാളിയോടു സാദരമരുൾചെയ്തു.
"എന്തു നീ യുദ്ധമുപേക്ഷിച്ചു പോന്നതു വത്സേ!
ഹന്ത! തേ പരിശ്രമമേററമുണ്ടാകകൊണ്ടോ?
ദാരുകൻതന്നെ വധിച്ചീടുവാനുപായം ഞാൻ
പാരാതെ ചൊല്ലീടുവൻ ഖേദിക്കവേണ്ടാ ബാലേ!
ഉത്തമങ്ങളായ് രണ്ടു മന്ത്രങ്ങൾ ദാരുകന്നു
ചിത്തമോദേന പണ്ടു നല്കിനാൻ ചതുർമ്മുഖൻ.
ഉത്തമമന്ത്രദ്വയം ഗ്രഹിക്കാതൊരുനാളും
ദൈത്യവീരനെക്കൊൽവാനാവതല്ലൊരുത്തർക്കും.
ദാരുകൻതന്റെ കാന്തയാകിയ മനോദരി
സാരമാം മന്ത്രദ്വയം ഗ്രഹിച്ചു ജപിക്കുന്നു.
ചെന്നവളോടു നന്നായ് പറഞ്ഞു മന്ത്രദ്വയ-
മിന്നു ഞാൻ ഗ്രഹിച്ചിങ്ങു വരുവൻ വൈകീടാതെ"

എന്നരുൾചെയ്തു തത്ര മറഞ്ഞു കാത്യായനി
ചെന്നിതു മനോദരിതന്നുടേ ചാരത്തിങ്കൽ.
വിപ്രകന്യകാവേഷം പൂണ്ട ഗൌരിതന്നോടൊ-
ന്നപ്പോഴേ മനോദരി ചോദിച്ചാൾ മധുരമായ്.
"ബന്ധുരകളേബരേ! ബന്ധൂകസമാധരി!
സിന്ധുരസമഗതേ! ബാലികേ! നീയാരെടോ?
എന്തുനീയിത്ര കൃശയായതിന്നൊരുമൂല-
മെന്തുനിന്നഭിലാഷമെന്നതും ചൊല്ലീടുക."
എന്നതു കേട്ടവളും മന്ദമായുരചെയ്താ-
"ളിന്നു ഞാനൊരു വിപ്രകന്യയാകുന്നു ഭദ്രേ!
എത്രയും ദരിദ്രയായെന്നതുമൂലം മമ
ഗാത്രമിത്തരം കൃശമായതെന്നറിഞ്ഞാലും."
എന്നതുകേട്ടു മനോദരിയും ചൊല്ലീടിനാൾ:—

"ഇന്നു നീ വൈകീടാതെ ഭോജനം ചെയ്ക ബാലേ!
നിന്നുടെ ദാരിദ്ര്യങ്ങളെല്ലാക്ഷയവും തീർത്തീടുവ"-
നെന്നതുകേട്ടനേരം കന്യകതാനും ചൊന്നാൾ.
'ദാനവേശ്വരനായ ദാരുകൻനിയോഗത്താൽ
ഞാനിന്നു വന്നതെന്നു ധരിക്ക മനോഹരേ!
എത്രയും ഘോരമായ സംഗരത്തിങ്കൽ തവ
ഭർത്താവു പരവശനായിതെന്നറിഞ്ഞാലും.
ഉത്തമങ്ങളായ് രണ്ടു മന്ത്രങ്ങൾ ദൈത്യേശ്വര-
ന്താനമേ! നിനക്കുപദേശിച്ചേനെന്നു ചൊന്നാൻ.
ഇന്നവൾതന്നേ മന്ത്രംജപിച്ചാൽ മതിവരാ;
ചെന്നു നീ കൂടെ മന്ത്രം ഗ്രഹിച്ചു ജപിച്ചാലും.
മന്നവൻ ചൊല്ലുമൂലമിന്നു ഞാനത്ര വന്നേൻ;
ധന്യേ! നീ മന്ത്രദ്വയമുപദേശിക്ക മമ.
എത്രയും ഭക്തിയോടും ജപിച്ചീടുവൻ ഞാനു-
മത്രയുമല്ല പുനരൊന്നുണ്ടു കേട്ടീടുന്നു.
മംഗലമന്ത്രദാനം ചെയ്യുന്ന നാരിമാർക്കു
മംഗല്യസൂത്രനാശമെന്നുമേ വന്നുകൂടാ.
ഉത്തമമന്ത്രദാനം ചെയ്കയാൽ നാരീജന-
മെത്രപേരുണ്ടു ഭർത്താവൊന്നിച്ചു സുഖിച്ചവർ!
എന്നതുകൊണ്ടു മന്ത്രദാനം നീ ചെയ്തീടുക;
നിന്നുടെ ഭർത്താവിന്നു ഗുണങ്ങൾ വരുവാനായ്.
പോരതിൽ ജയിച്ചു നിൻ ഭർത്താവു വന്നാൽ മമ
ദാരിദ്ര്യമെല്ലാം തീരുമില്ല സംശയമേതും'.
ഇത്തരമവളുടെ ചാരുവാക്യങ്ങൾ കേട്ടു
ചിത്തവിശ്വാസം വന്നകാരണം മനോഹരി
വിപ്രകന്യകാവേഷം ധരിച്ച കാത്യായനി-
ക്കപ്പോഴേ മന്ത്രദ്വയമുപദേശിച്ചീടിനാൾ.
അനന്തരമവൾ ചൊന്നാൾ 'ആരുമേയറിയാതെ
ചെന്നു ഞാൻ വനംതന്നിലിരുന്നു ജപിച്ചീടാം.'
എന്നുരചെയ്തു മറഞ്ഞപ്പോഴേ കാത്യായനി
ചെന്നാശു കാളിക്കുപദേശിച്ചാൾ മന്ത്രദ്വയം.
ഉത്തമമന്ത്രദ്വയം ഗ്രഹിച്ചോരനന്തര-
മെത്രയും മോദംപൂണ്ടു കാളിയും കോപത്തോടും

ഘോരമായാൎത്തു രണഭൂമിയിൽച്ചെന്നു ബാണ-
ധാരകൾകൊണ്ടു ചൈത്രരാജനെ മൂടീടിനാൾ.
തേരുമായുധങ്ങളും ചാപവുംപൊടിഞ്ഞുപോയ്
പാരമായഴൽപൂണ്ടു ദാരുകൻ ഭയത്തോടും
ഘോരമാം ബ്രഹ്മദണ്ഡമയച്ചാനതുകണ്ടു
ഘോരബാണങ്ങൾകൊണ്ടു കാളിയുംതകൎത്തുതേ.

ഉഗ്രമാം ബ്രഹ്മദണ്ഡം നിഷ്ഫലമായമൂലം
വ്യഗ്രതപൂണ്ടു ചിത്തേ നിനച്ചാനസുരേന്ദ്രൻ.
"ഘോരമാം മമ ദണ്ഡം നിഷ്ഫലമായമൂലം
വൈരികളറിഞ്ഞിതു മന്ത്രമെന്നതു നൂനം.
ഇന്നതുചോദിക്കേണ"മെന്നോൎത്തു ദൈത്യേന്ദ്രനും
ചെന്നാശു മനോദരിതന്നോടു ചോദ്യംചെയ്താൻ.
"മാനിനീകുലമൌലിമാലികേ! മനോഹരേ!
മീനലോചനേ! മമവല്ലഭേ! മനോദരി!
പോരിനായ് പുറപ്പെട്ടു ഞാനങ്ങുപോയശേഷ-
മാരെന്നാകിലുമത്ര വന്നിതോ ചൊല്ക ബാലേ!"
അന്നേരം മനോദരി ചൊല്ലിനാ"ളൊരുവിപ്ര-
കന്യക തവ നിയോഗത്തിനാലത്രവന്നാൾ?
സംഗരേ മമ ജയം വന്നുകൂടുവാനായി
മംഗലമന്ത്രദായം ഗ്രഹിച്ചു ജപിക്കേണം.
എന്നുനീ പറഞ്ഞയച്ചോരാവാൎത്തകളവ-
ളെന്നോടു രഹസ്യമായ്ച്ചൊന്നതു കേട്ടു ഞാനും
നല്ലൊരു മന്ത്രദായം ഞാൻ ഗ്രഹിച്ചതു ഭവാൻ
ചൊല്ലാതെയവളറിഞ്ഞീടുകയില്ല നൂനം;
എന്നുരച്ചവൾക്കുപദേശിച്ചേൻമന്ത്രയുഗ്മം
പിന്നെ മററാരുമത്രവന്നതില്ലറിഞ്ഞാലും."
എന്നതുകേട്ടു പാരം തളൎന്നു ദാരുകനും
വന്നസന്താപത്തോടു കാന്തയോടുരചെയ്താൻ.
"അയ്യയ്യോ! ചതിച്ചിതു കാളിയേ ഭവതിയെ-
പ്പൊയ്യല്ല മമ മൃത്യുകാലവുമടുത്തുതേ.
കന്യകയായിവന്ന കാളിതാൻ മന്ത്രദായം
നിന്നോടുപറിച്ചതു ഞാനയച്ചതുമല്ല.
വൈരികൾ മന്ത്രമറിഞ്ഞീടുകിൽ മരിക്കെന്നു

വീരനാം സിംഹത്തോട്ടു ശശമെന്നതുപോലെ;
ദന്തീന്ദ്രനോട്ടു മേഷമെതിർക്കുന്നതുപോലെ;
ഹന്ത വായസം വൈനതേയനോടെന്നപോലെ;
വീരനാം ലോകത്രയനാഥനാം നമ്മോടിന്നു
പോരിന്നു നാരിയാം നീ വന്നതു ചിത്രംചിത്രം".

ഇത്തരംകേട്ടനേരം കാളിയും ചൊല്ലീടിനാൾ:—
"അത്തലില്ലെനിക്കേതുമൊത്തതു ചൊല്ലീടു നീ;
മൃത്യുപാശേന ബദ്ധരാകിയ ജനങ്ങളും
മത്തന്മാരായവരും വല്ലതും ചൊല്ലുമല്ലോ.
കാലപാശത്താൽ ബദ്ധനായ നീ വൈകീടാതെ
മൂലസംഛിന്നവൃക്ഷതുല്യമായ് പതിച്ചിടും.
പങ്കജാസനവരംകൊണ്ടു നീ തെളിയേണ്ട;
ശങ്കയില്ലതിൻഫലമൊക്കെയും നശിച്ചതേ.
അത്യുഗ്രമായ മമ ശൂലപാതങ്ങളേററാൽ
മൂൎത്തികൾ മൂന്നുപേരെന്നാകിലും ജീവിക്കുമോ?
കണ്ടു സംസ്ഥിതപ്രാണനായ നീ ഭീതാത്മാവായ്
കുണ്ഠനായ് ശഷ്പസമനായവനെന്തുപിന്നെ?"
ഇത്തരമുരചെയ്തു ഭൂമിയിൽകിടക്കുന്നോ-
രുത്തമബ്രഹ്മദണ്ഡമെടുത്തു കാളിതാനും
ദാരുകവക്ഷസ്സിങ്കലൊന്നടിച്ചതുനേരം
പാരമായ് വിറച്ചവൻ ഭൂമിയിൽപതിച്ചതേ.
പിന്നെയങ്ങെഴുന്നേററു ഭീതിയോടോടീടിനാ-
നിന്നു ഞാനേഴദ്ധ്യായം ചൊല്ലിനേൻ കേട്ടപോലെ.

ഏഴാമദ്ധ്യായം സമാപ്തം.

---

## എട്ടാമദ്ധ്യായം.

പേടിച്ചു ദൈത്യവീരനോടീടുന്നതുകണ്ടു
കൂടവേയടുത്തിതു കാളിയും കോപത്തോടെ.
പത്തുദിക്കിലുമോടിവലഞ്ഞു ദാരുകനും
തത്രൈവ മറഞ്ഞാശു പാതാളംപുക്കീടിനാൻ.
നീളവേ നോക്കുന്നേരം ദൈത്യനെക്കാണായ്കയാൽ

ഘോരമായാൎത്തു രണഭൂമിയിൽച്ചെന്നു ബാണ-
ധാരകൾകൊണ്ടു ദൈത്യരാജനേ മൂടിടിനാൾ.
തേരുമായുധങ്ങളും ചാപവുംപൊടിഞ്ഞുപോയ്
പാരമായഴൽപൂണ്ടു ദാരുകൻ ഭയത്തോടും
ഘോരമാം ബ്രഹ്മദണ്ഡമയച്ചാനതുകണ്ടു
ഘോരബാണങ്ങൾകൊണ്ടു കാളിയുംതകൎത്തുതേ.
ഉഗ്രമാം ബ്രഹ്മദണ്ഡം നിഷ്ഫലമായമൂലം
വ്യഗ്രതപൂണ്ടു ചിത്തേ നിനച്ചാനസുരേന്ദ്രൻ.
"ഘോരമാം മമദണ്ഡം നിഷ്ഫലമായമൂലം
വൈരികളറിഞ്ഞിതു മന്ത്രമെന്നതു നൂനം.
ഇന്നതുചോദിക്കേണ"മെന്നോൎത്തു ദൈത്യേന്ദ്രനും
ചെന്നാശു മണ്ഡോദരിതന്നോടു ചോദ്യംചെയ്താൻ.
"മാനിനീകുലമൌലിമാലികേ! മനോഹരേ!
മീനലോചനേ! മമവല്ലഭേ! മണ്ഡോദരി!
പോരിനായ്പുറപ്പെട്ടു ഞാനങ്ങുപോയശേഷ-
മാരെന്നാകിലുമത്ര വന്നിതോ ചൊല്ക ബാലേ!"
അന്നേരം മണ്ഡോദരി ചൊല്ലിനാ"ളൊരുവിപ്ര-
കന്യക തവ നിയോഗത്തിനാലത്രവന്നാൾ?
സംഗരേ മമ ജയം വന്നുകൂടുവാനായി
മംഗലമന്ത്രദ്വയം ഗ്രഹിച്ചു ജപിക്കേണം.
എന്നുനീ പറഞ്ഞയച്ചോരാവാൎത്തകളവ-
ളെന്നോടു രഹസ്യമായ്ചൊന്നതു കേട്ടു ഞാനും
നല്ലൊരു മന്ത്രദ്വയം ഞാൻ ഗ്രഹിച്ചതു ഭവാൻ
ചൊല്ലാതെയവളറിഞ്ഞീടുകയില്ല നൂനം;
എന്നുറച്ചവൾക്കുപദേശിച്ചേൻമന്ത്രയുഗ്മം
പിന്നെ മററാരുമത്രവന്നതില്ലറിഞ്ഞാലും."
എന്നതുകേട്ടു പാരം തളൎന്നു ദാരുകനും
വന്നസന്താപത്തോടു കാന്തയോടുരചെയ്താൻ.
"അയ്യയ്യോ! ചതിച്ചിതു കാളിയേ ഭവതിയെ-
പ്പൊയ്യല്ല മമ മൃത്യുകാലവുമടുത്തുതേ.
കന്യകയായിവന്നു കാളിതാൻ മന്ത്രദ്വയം
നിന്നോടുപഠിച്ചതു ഞാനയച്ചതുമല്ല.
വൈരികൾ മന്ത്രമറിഞ്ഞീടുകിൽ മരിക്കെന്നു

വീരനാം സിംഹത്തോടു ശശമെന്നതുപോലെ;
ദന്തീന്ദ്രനോടു മേഷമെതിർക്കുന്നതുപോലെ;
ഹന്ത വായസം വൈനതേയനോടെന്നപോലെ;
വീരനാം ലോകത്രയനാഥനാം നമ്മോടിന്നു
പോരിനു നാരിയാം നീ വന്നതു ചിത്രം ചിത്രം".
ഇത്തരം കേട്ടനേരം കാളിയും ചൊല്ലിടിനാൾ:—
"അത്തലില്ലെനിക്കേതുമൊത്തതു ചൊല്ലീടു നീ;
മൃത്യുപാശേന ബദ്ധരാകിയ ജനങ്ങളും
മത്തന്മാരായവരും വല്ലതും ചൊല്ലുമല്ലോ.
കാലപാശത്താൽ ബദ്ധനായ നീ വൈകീടാതെ
മൂലസംഛിന്നവൃക്ഷതുല്യമായ് പതിച്ചിടും.
പങ്കജാസനവരംകൊണ്ടു നീ ഞെളിയേണ്ട;
ശങ്കയില്ലതിൻഫലമൊക്കയും നശിച്ചതേ.
അത്യുഗ്രമായ മമ ശൂലപാതങ്ങളേററാൽ
മൂർത്തികൾ മൂന്നുപേരെന്നാകിലും ജീവിക്കുമോ?
കണ്ടസംസ്ഥിതപ്രാണനായ നീ ഭീതാത്മാവായ്
കണ്ടനായ് ശഷ്പസമനായവനെന്തുപിന്നെ?"
ഇത്തരമുരചെയ്തു ഭൂമിയിൽകിടക്കുന്നോ-
രത്തമഭ്രമദണ്ഡമെടുത്തു കാളിതാനും
ദാരുകവക്ഷസ്സിങ്കലൊന്നടിച്ചതുനേരം
പാരമായ് വിറച്ചവൻ ഭൂമിയിൽപതിച്ചതേ.
പിന്നെയങ്ങെഴുന്നേററു ഭീതിയോടോടീടിനാ-
നിന്നതൊന്നേഴദ്ധ്യായം ചൊല്ലിനേൻ കേട്ടപോലെ.

ഏഴാമദ്ധ്യായം സമാപ്തം.

---

## എട്ടാമദ്ധ്യായം.

പേടിച്ചു ദൈത്യവീരനോടീടുന്നതുകണ്ടു
ക്രൂടവേയടുത്തിതു കാളിയും കോപത്തോടെ.
പത്തുദിക്കിലുമോടിവലഞ്ഞുദാരുകനാം
തത്രൈവ മറഞ്ഞാശു പാതാളംപുക്കീടിനാൻ.
നീളവേ നോക്കുന്നേരം ദൈത്യനെക്കാണായ്കയാൽ

കാളിയും ഭൂമിതന്നിലിരുന്നു ചിന്തിച്ചുതേ.
"ഇന്നു ദാനവവൃദ്ധനെങ്ങുപോയൊളിച്ചിതു-
മെന്നുടെ യത്നങ്ങളും നിഷ്ഫലങ്ങളായ്‌വന്നു.
ദൈത്യനെക്കൊന്നീടുവാൻ താതന്റെ നിയോഗത്താ-
ലാസ്ഥയാ വന്നോരു ഞാനവനെ വധിക്കാതെ
അങ്ങുചെന്നെന്തു താതൻതന്നോടു ചൊല്ലേണ്ടതും?
സംഗതിവന്നീലല്ലോ ലോകത്തെ രക്ഷിപ്പാനും.
ദേവർഷിവിപ്രഗണശല്യങ്ങൾ തീർക്കായ്കയാൽ
കേവലം മമജന്മം നിഷ്ഫലമായിവന്നു."

ഇത്തരംകാളിതാനുമോരോന്നേ ചിന്തിക്കുമ്പോൾ
സത്വരമശരീരിവാക്യം കേൾക്കായിവന്നു.
"ഭൈരവി! തവ ഹൃദി ചിന്തയുണ്ടാകവേണ്ട;
ദാരുകൻ മറഞ്ഞുപോയ്പ്പാതാളേ വസിക്കുന്നു.
ദുർമ്മാർഗ്ഗം തുടങ്ങുന്ന വൈരികളോടു നല്ല
സന്മാർഗ്ഗംകൊണ്ടുതന്നെ കാര്യങ്ങൾ സാധിക്കുമോ?"
ഇത്തരമശരീരവാക്കുകൾ കേട്ടനേരം
ചിത്തത്തിലുപായങ്ങൾ നിനച്ചു കാളിതാനും.
അർക്കബിംബത്തെദ്ദേവിമറച്ചു നാവുകൊണ്ടു;
ദിക്കുകളെയുമെല്ലാം മറച്ചു ചികുരത്താൽ;
പാരെല്ലാമന്ധകാരപൂർണ്ണമായ്‌വന്നിതപ്പോൾ;
ദാരുകനതുകണ്ടു ചിത്തത്തിൽ നിരൂപിച്ചാൻ.
"അർക്കനുമസ്തമിച്ചു; പരന്നു തിമിരവു-
മിക്കാലം പുറപ്പെട്ടു ചെന്നു ഞാൻ ഭൂമീതലേ
സംഗതിവന്നുവെങ്കിൽ കാളിയെക്കൊലചെയ്തു
മങ്ങാതെ കാന്തയോടുമൊന്നിച്ചുവാണീടുവൻ".
ഇത്തരം ചിന്തിച്ചവൻ പാതാളത്തിങ്കൽനിന്നു
സത്വരംപുറപ്പെട്ടു ഭൂമിയിൽചെന്നനേരം
ഘോരാന്ധകാരംകൊണ്ടു കാളിയെക്കാണായ്കയാ-
ലാരുമേയറിയാതെ മന്ദമായ് ഗമിക്കുമ്പോൾ
സൂക്ഷ്മമാം ഛായകണ്ടു കാളിയും ചെറുനേരം
സൂക്ഷിച്ചനേരമവൻ ദൈത്യനെന്നറികയാൽ
ബന്ധിച്ചു ചികുരവും ചുരുക്കി രസനയു-
മന്ധകാരവുമപ്പോൾ നശിച്ചു വെളിവായി.

ഘോരയാം വേതാളിതൻ കണ്ഠത്തിലേറിക്കൊണ്ടു
ഭേരീദുന്ദുഭിമുഖവാദ്യഘോഷങ്ങളോടും
ശൂലീപാളികളോടും ഭൂതവൃന്ദങ്ങളോടും
കാളിയും കൈലാസാദ്രിതന്നുടെ താഴ്വേ ചെന്നാൾ.
ദേവഗന്ധർവ്വയക്ഷതാപസസിദ്ധാദിക-
ളേവരും മോദത്തോടുമാകാശേ നിറഞ്ഞുതേ.
ഭൈരവിതാനും കൈലാസാചലം വലംവച്ചു
പാരിച്ച ഭക്തിയോടും വന്ദിച്ചു കരേറിനാൾ.
ഭൂതവൃന്ദവും മാതൃസൈന്യവും മാതൃക്കളും
പ്രീതിയോടാർത്തുവിളിച്ചൊന്നിച്ചു കരേറിനാർ.
സർവ്വജ്ഞനായ പരമേശ്വരനതുനേരം
സർവവാർത്തയുമുള്ളിലറിഞ്ഞു വിചാരിച്ചു:—
"കോപത്തിനേതും ശാന്തിവന്നില്ല കാളിക്കിപ്പോൾ
കോപിച്ചു നമ്മേക്കൂടി സ്സംഹാരം ചെയ്തീടുമോ?"
എന്നു ചിന്തിച്ചു ഗജമുഖനാം പുത്രനോടും
നന്ദികേശ്വരനോടും ഗൂഢമായരുൾചെയ്തു.
"സത്വരം നിങ്ങൾചെന്നു ഗോപുരദ്വാരത്തിങ്ക-
ലത്യന്തശിശുരൂപം ധരിച്ചു കിടക്കേണം.
രോദനംചെയ്തു കിടക്കുന്നതു കാണുംനേരം
രൗദ്രകോപം ചെററു കാളിക്കു ശമിച്ചീടും.
താപസഗണമെല്ലാം മാർഗ്ഗമദ്ധ്യത്തിൽനിന്നു
കോപത്തെക്കളവാനായേററവും സ്തുതിക്കേണം.
ഘോരമാം കോപം ചെററു ശമിച്ചീടാതെ മഹാ-
ഭൈരവി വരുന്നാകിലനർത്ഥമുണ്ടായ്വരും".
ഇത്തരം ഭഗവാൻെറ വാക്കുകൾ കേട്ടനേരം
സത്വരം പുറപ്പെട്ടു നന്ദിയും ഗണേശനും
ഒന്നരമാസംപുക്ക സുന്ദരബാലവേഷം
നന്നായിധരിച്ചവർ ഗോപുരദ്വാരത്തിങ്കൽ
ഭൂമിയിൽകിടന്നാർത്തു കരയും നേരത്തിങ്കൽ
ഭീമകോപേന തത്ര ചെന്നിതു കാളിതാനും.
രണ്ടു ബാലന്മാർ തത്ര ഭൂമിയിൽ കിടപ്പതു
കണ്ടു കാരുണ്യംപൂണ്ടു കാളിയും വേഗത്തോടെ
ചെന്നെടുത്താശ്ലേഷിച്ചു വാത്സല്യവിവശയായ്

കാളിയും ഭൂമിതന്നിലിരുന്നു ചിന്തിച്ചിതേ.
"ഇന്നു ദാനവമൂഢനെങ്ങുപോയൊളിച്ചിതു-
മെന്നുടേ യത്നങ്ങളും നിഷ്ഫലങ്ങളായ്‌വന്നു.
ദൈത്യനെക്കൊന്നീടുവാൻ താതന്റെ നിയോഗത്താ-
ലാസ്ഥയാ വന്നോരു ഞാനവനെ വധിക്കാതെ
അങ്ങുചെന്നെന്തു താതൻതന്നോടു ചൊല്ലേണ്ടതും?
സംഗതിവന്നീലല്ലോ ലോകത്തെ രക്ഷിപ്പാനും.
ദേവർഷിവിപ്രഗണശല്യങ്ങൾ തീക്കായ്കയാൽ
കേവലം മമജന്മം നിഷ്ഫലമായിവന്നു."

ഇത്തരംകാളിതാനുമോരോന്നേ ചിന്തിക്കുമ്പോൾ
സത്വരമശരീരിവാക്യം കേൾക്കായിവന്നു.
"ഭൈരവി! തവ ഹൃദി ചിന്തയുണ്ടാകവേണ്ട;
ദാരുകൻ മറഞ്ഞുപോയ്പ്പാതാളേ വസിക്കുന്നു.
ദുർമ്മാർഗ്ഗം തുടങ്ങുന്ന വൈരികളോടു നല്ല
സന്മാർഗ്ഗംകൊണ്ടുതന്നെ കാര്യങ്ങൾ സാധിക്കുമോ?"
ഇത്തരമശരീരവാക്കുകൾ കേട്ടനേരം
ചിത്തത്തിലുപായങ്ങൾ നിനച്ചു കാളിതാനും.
അർക്കബിംബത്തെദ്ദേവിമറച്ചു നാവുകൊണ്ടു;
ദിക്കുകളേയുമെല്ലാം മറച്ചു ചികുരത്താൽ;
പാരെല്ലാമന്ധകാരപൂർണ്ണമായ്‌വന്നിതപ്പോൾ;
ദാരുകനതുകണ്ടു ചിത്തത്തിൽ നിരൂപിച്ചാൻ.
"അർക്കനുമസ്തമിച്ചു; പരന്നു തിമിരവു-
മിക്കാലം പുറപ്പെട്ടു ചെന്നു ഞാൻ ഭൂമീതലേ
സംഗതിവന്നുവെങ്കിൽ കാളിയെക്കൊലചെയ്തു
മങ്ങാതെ കാന്തയോടുമൊന്നിച്ചുവാണിടുവൻ".
ഇത്തരംചിന്തിച്ചവൻ പാതാളത്തിങ്കൽനിന്നു
സത്വരംപുറപ്പെട്ടു ഭൂമിയിൽചെന്നനേരം
ഘോരാന്ധകാരംകൊണ്ടു കാളിയെക്കാണായ്കയാ-
ലാരുമേയറിയാതെ മന്ദമായ് ഗമിക്കുമ്പോൾ
സൂക്ഷ്മമാം ഛായകണ്ടു കാളിയും ചെറുനേരം
സൂക്ഷിച്ചനേരമവൻ ദൈത്യനെന്നറികയാൽ
ബന്ധിച്ചു ചികുരവും ചുരുക്കി രസനയു-
മന്ധകാരവുമപ്പോൾ നശിച്ചു വെളിവായി.

ഘോരയാം വേതാളിതൻ കണ്ഠത്തിലേറിക്കൊണ്ടു
ഭേരീമൃദംഗമുഖവാദ്യഘോഷങ്ങളോടും
ശൂലിപാലികളോടും ഭൂതവൃന്ദങ്ങളോടും
കാളിയും കൈലാസാദ്രിതന്നുടെ താഴെ ചെന്നാൾ.
ദേവഗന്ധർവ്വയക്ഷതാപസസിദ്ധാദിക-
ളെവരും മോദത്തോടുമാകാശേ നിറഞ്ഞുതേ.
ഭൈരവിതാനും കൈലാസാചലം വലംവച്ചു
പാരിച്ച ഭക്തിയോടും വന്ദിച്ചു കരേറിനാൾ.
ഭൂതവൃന്ദവും മാതൃസൈന്യവും മാതൃക്കളും
പ്രീതിയോടാർത്തുവിളിച്ചൊന്നിച്ചു കരേറിനാർ.

സർവ്വജ്ഞനായ പരമേശ്വരനതുനേരം
സർവ്വവാർത്തയുമുള്ളിലറിഞ്ഞു വിചാരിച്ചു:—
"കോപത്തിനേതും ശാന്തിവന്നില്ല കാളിക്കിപ്പോൾ
കോപിച്ചു നമ്മെക്കൂടി സ്സംഹാരം ചെയ്തീടുമോ?"
എന്നു ചിന്തിച്ചു ഗജമുഖനാം പുത്രനോടും
നന്ദികേശ്വരനോടും ശ്രദ്ധമായരുൾചെയ്തു.
"സത്വരം നിങ്ങൾ ചെന്നു ഗോപുരദ്വാരത്തിങ്ക-
ലത്യന്തശിശുരൂപം ധരിച്ചു കിടക്കണം.
രോദനംചെയ്തു കിടക്കുന്നതു കാണുംനേരം
മേദുരകോപം ചെററു കാളിക്കു ശമിച്ചീടും.
താപസഗണമെല്ലാം മാർഗ്ഗമദ്ധ്യത്തിൽനിന്നു
കോപത്തെക്കളവാനായേററവും സ്തുതിക്കണം.
ഘോരമാം കോപം ചെററു ശമിച്ചീടാതെ മഹാ-
ഭൈരവി വരുന്നാകിലനർത്ഥമുണ്ടായ്വരും".

ഇത്തരം ഭഗവാന്റെ വാക്കുകൾ കേട്ടനേരം
സത്വരം പുറപ്പെട്ടു നന്ദിയും ഗണേശനും
ഒന്നരമാസം പക്വ സുന്ദരബാലവേഷം
നന്നായി ധരിച്ചവർ ഗോപുരദ്വാരത്തിങ്കൽ
ഭൂമിയിൽകിടന്നാശു കരയും നേരത്തിങ്കൽ
ഭീമകോപേന തത്ര ചെന്നിതു കാളിതാനും.
രണ്ടു ബാലന്മാർ തത്ര ഭൂമിയിൽ കിടപ്പതു
കണ്ടു കാരുണ്യംപൂണ്ടു കാളിയും വേഗത്തോടെ
ചെന്നെടുത്താശ്ലേഷിച്ചു വാത്സല്യവിവശയായ്

വന്നൊരു സുഖത്തോടുമവരോടരചെയ്താൾ
സുന്ദരരൂപത്തോടും ഭൂമിയിൽ കിടക്കുന്ന
നന്ദനന്മാരേ നിങ്ങളാരുടെ തനയന്മാർ?
നിങ്ങളെയുപേക്ഷിച്ചു പോയൊരു ജനനിമാ-
രംഗനമാരെന്നു തോന്നുന്നില്ലെനിക്കേതും.
നാരിമാരല്ലായ്കിലോ ഭാഗ്യമില്ലവർക്കേതും;
ക്രൂരമെത്രയുമോർത്താൽ നാരിമാരുടേ ചിത്തം.
ക്ഷുൽപിപാസകൾകൊണ്ടു പീഡിതരായ നിങ്ങ-
ളിപ്പോഴേ മമ കുചപാനവും ചെയ്തീടുവിൻ.
എന്നുടേ കലുഷതയൊക്കേയും തീരുമെന്നാ-
ലെന്നല്ല മമ ജന്മസാഫല്യമതും വരും.
രോദനംചെയ്തിടാതെ മന്ദഹാസവുംചെയ്തു
ഖേദവുംവെടിഞ്ഞു ഞാനൊന്നിച്ചു പോന്നീടുവിൻ."
ഇത്തരം പലവിധമവരേ ലാളിക്കയാൽ
ചിത്തകോപവും പാതി ശമിച്ചു കാളിക്കപ്പോൾ.
പിന്നെഗ്ഗോപുരദ്വാരം കടന്നു ചെന്നീടിനാ-
ളിന്നു ഞാനെട്ടദ്ധ്യായം ചൊല്ലിനേൻ ചുരുക്കമായ്.

എട്ടാമദ്ധ്യായം സമാപ്തം.

---

## ഒൻപതാമദ്ധ്യായം.

കൂളികളോടും ഭൂതവൃന്ദങ്ങളോടും ഭദ്ര-
കാളിതാൻ വരുന്നതു കണ്ടൊരു താപസന്മാർ
മാർഗ്ഗമദ്ധ്യത്തിൽ നിന്നു വന്ദിച്ചു ഭക്തിയോടും
ഗൽഗദവാക്യങ്ങളാൽ സ്തുതിച്ചു തുടങ്ങിനാർ.
"ശങ്കരസുതേ! പരമേശ്വരി! ജയ ജയ!
പങ്കനാശിനി! പത്മലോചനേ! ജയ ജയ!
വീരദാനവസൈന്യനാശിനി! ജയ ജയ!
കാരുണ്യാമൃതരസവാരിധേ! ജയ ജയ!
ദേവകൾക്കിന്നു നാകലോകത്തിൽ വസിച്ചീടാം;
കേവലം തപംചെയ്തു വാണിടാം ഞങ്ങൾക്കെല്ലാം;

ധർമ്മങ്ങളും ചെയ്യുവർക്കും വാണിടാം ദിക്കിലെല്ലാം;
സന്മാർഗ്ഗസ്ഥിതന്മാർക്കു വാണിടാം ഭയമെന്യെ.
ഈരേഴുലോകത്തിന്നധീശ്വരിയാകും തവ
ദാരുകൻ തന്നെ വധിച്ചീടുവാനെന്തു ദണ്ഡം?
ലോകത്തെസ്സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുന്ന
ലോകമാതാവേ! നിനക്കെന്തരുതാതെയുള്ളു.
വാരിജേക്ഷണപ്രിയയാകിയ ലക്ഷ്മിതാനും
വാരിജാസനപ്രിയയാകിയ വാണിതാനും
വാരിജശരാന്തകകാന്തയാം ഗൌരിതാനും
വാരിജമുഖി! ഭദ്രകാളി! നീയല്ലോ നാഥേ!
ഈശപരവിധിഹരിരൂപയായതും നീയേ;
ശാശ്വതിയായ കാലരൂപയായതും നീയേ;
എന്നല്ല പതിന്നാലുലോകവും ലോകങ്ങളി-
ലിന്നുകണ്ടതുമദൃഷ്ടങ്ങളും നീയേ നാഥേ!
അങ്ങനെയിരിക്കുന്ന നിന്നെയിന്നോക്കിൽ ഞങ്ങ-
ളെങ്ങനെ പുകഴ്ത്തുന്നു? മോഹമെന്നതേയുള്ളു.
ഓരോരോയുഗങ്ങളിലോരോരോ രൂപംകൊണ്ടു
പാരിൽവന്നവതാരംചെയ്തു നീ കരുണയാ
ദുഷ്ടനിഗ്രഹംചെയ്തു ശിഷ്ടരെപ്പാലിക്കയാൽ
തുഷ്ടിയുംവന്നു സജ്ജനവും വസിക്കുന്നു.
ഇന്നു നീ ദാരുകനാം ദൈത്യനേ വധിക്കയാൽ
വന്നിതു സുഖം ലോകവാസികൾക്കെല്ലാവർക്കും.
ദുഷ്ടന്മാർ മന്നിലിനിയുണ്ടാകുന്നവരെയും
പെട്ടെന്നു സംഹരിച്ചു പാലിക്ക ലോകത്രയം.
കോപരക്താക്ഷം തവ ഭീഷണം മുഖം കണ്ടു
വേപഥു പൂണ്ടീടുന്നു ലോകവാസികളെല്ലാം.
ആകയാലിന്നു കോപംവെടിഞ്ഞു ജനങ്ങളേ
ലോകമാതാവേ! മന്ദമൊന്നു നോക്കുക നാഥേ!'

ഇത്തരം സ്തുതിച്ചതു കേൾക്കയാൽ ഭൈരവിക്കു
ചിത്തകോപങ്ങളെല്ലാം ശമിച്ചു മോദത്തോടും
മന്ദഹാസവുംചെയ്തു സുന്ദരകടാക്ഷത്താൽ
നന്ദിയോടനുഗ്രഹം നല്കിനാളെല്ലാവർക്കും.
മന്ദമെന്നിയേ പിന്നെ നടന്നു ജനകനെ-

ച്ചെന്നുവന്ദിച്ചു മാതൃപാദവും വണങ്ങിനാൾ.
മോദാൽ വന്ദനംചെയ്തു നില്ക്കുന്ന പുത്രിതന്നെ-
സ്സാദരം പുണർന്നാശ്ലേഷംചെയ്തിതു മഹേശ്വരൻ.
"കല്യാണശീലേ! മമ നന്ദിനി! കാളി! തവ
നല്ലതുവരും മേലിലില്ല സംശയമേതും
ദാരുകനായ മഹാദൈത്യനെക്കൊന്നീടുവാ-
നാരുള്ളു നീയെന്നിയേ ലോകത്തിലോർത്തുകണ്ടാൽ?
ദൈത്യനെസ്സംഹരിച്ചു ലോകത്തെപ്പാലിക്കയാൽ
കീർത്തിയും വന്നു തവ; സൌഖ്യവും മമ വന്നു.
എന്നുടെ സമീപത്തു കോടിവത്സരം കാല-
മൊന്നിച്ചു സുഖത്തോടും വാഴ്ക നീ മനോഹരേ!
എന്നിയേ ധരണിയിൽചെന്നു നീയോരോദിശി
നന്ദിച്ചുവസിച്ചാലുമാഗ്രഹമുണ്ടെങ്കിലോ.
പുത്രി! നീ ഭുവി ചെന്നു വാണീടും ദിക്കിലെല്ലാ-
മുത്തമക്ഷേത്രങ്ങളും നിർമ്മിച്ചു വിപ്രേന്ദ്രന്മാർ
സൂപപായസാപൂപനൈവേദ്യാദികൾകൊണ്ടും
ധൂപദീപാരാധനമാദ്യജാലങ്ങൾ കൊണ്ടും
നിത്യവും പൂജിച്ചുകൊണ്ടുത്തമസ്തോത്രങ്ങളാ-
ലെത്രയും സ്തുതിച്ചീടും വേദജാലങ്ങൾകൊണ്ടും.
ക്ഷത്രിയവൈശ്യശൂദ്രവൃന്ദവുമവരവ-
ർക്കുചിതമാം മാർഗ്ഗംപോലെ പൂജിക്കും ഭവതിയെ.
നിത്യവും ഭക്തിയോടും ജനങ്ങൾക്കുള്ളത്തിലു-
ള്ളത്തലുമാധിവ്യാധിദാരിദ്ര്യഭയങ്ങളും
ചിത്തബാധയും തീർത്തു സൌഖ്യങ്ങളെല്ലാം നല്കി-
ച്ചിത്തമോദേന ലോകം പാലിച്ചുവാണീടുക."
എന്നതുകേട്ടനേരം കാളിയും ചൊല്ലീടിനാൾ:—
"മന്നിടംതന്നിൽ ചെന്നു ഞാനിന്നുവാണീടുകിൽ
സാരമില്ലാതെയുള്ള മർത്ത്യന്മാർ ചിലരെന്നെ
നാരിയെന്നോർത്തു പാരമവമാനിക്കയില്ലീ?"
എന്നതുകേട്ടു പരമേശ്വരനരുൾചെയ്താൻ:—
"ഇന്നുനിന്നോടു ബാല്യം പോയതില്ലേതും ബാലേ!
പുത്രിയാകുന്ന നിന്നെ നിന്ദിക്കുന്നവരെല്ലാ-
മപ്പോഴേ കുലത്തോടും നശിക്കുമറികനീ.

ഭക്തികൈക്കൊണ്ടു പരദേവതയാക്കി വച്ചു
നിത്യവും ഭക്തജനം പൂജിക്കുമസംശയം.
ഭക്തിയുള്ളവർക്കഭീഷ്ടങ്ങളെല്ലാം നല്കി-
ബ്ഭക്തവത്സലേ! ഭുവി വാഴ്ക ചിരകാലം.
ദാരുകാസുരൻതന്റെ ശിരസ്സു കരമതിൽ
പാരമാനന്ദമോടും നിത്യവും ധരിക്ക നീ;
മർത്ത്യന്മാർ തവ രൂപം നിർമ്മിച്ചീടുമ്പോൾ ദൈത്യ-
മസ്തകം ധരിച്ചോരു കരമുണ്ടാക്കിവയ്ക്കും.
എങ്കിലോ ധരണിയിൽച്ചെന്നു നീ വസിച്ചാലും
ശങ്കയുമുണ്ടാകേണ്ട; നല്ലതുവരും മേലിൽ."

മൃത്യുശാസനവാക്യമിത്തരം കേട്ടപാരം
ചിത്തസന്തോഷത്തോടു കാളിയുമതുനേരം
മാതൃപാദവുംതൊഴുതാശീർവ്വാദവും വാങ്ങി
മാതൃക്കളോടുംചെന്നു ഭൂമിയിൽ വാണീടിനാൾ.
മന്നടംതന്നിൽവന്നു മുമ്പിനാൽ വസിച്ചതു
മന്നവ! ദണ്ഡകാഖ്യകാനനമതിലല്ലോ.
ഉത്തമമൊരുരൂപം തത്ര കാനനേ വന്നു
നിത്യവും ഘോരമായ തപസ്സുചെയ്തീടുന്നു.
പിന്നെയും ബഹുരൂപംകൈക്കൊണ്ടങ്ങോരോദിക്കിൽ-
ച്ചെന്നുവാണിതു ഭദ്രകാളിയും യോഗത്താലേ.
ദിക്കുകൾതോറും ക്ഷേത്രം നിർമ്മിച്ചു ദേവാദികൾ
ഭക്തികൈക്കൊണ്ടു ഭദ്രകാളിയെസ്സേവിക്കുന്നു.
സേവിക്കുമവർക്കുണ്ടാമാപത്തു നശിപ്പിച്ചു
കേവലം സുഖങ്ങളെ നല്കുന്നുകാളിതാനും.
ഘോരമാം തപംചെയ്തു വാണിട്ടും കാളീരൂപ-
മേറിയകാലംകൊണ്ടു മറഞ്ഞു വല്മീകത്താൽ.
നിന്നുടെ ഗജേന്ദ്രന്മാർ വല്മീകം തകർക്കയാൽ
വന്നിതു കോപത്തോടും കാളിതന്നുടെ ഭൃത്യം.
എന്നുടെവാക്യത്താലേ ശാന്തനായ്പോയാനവൻ.
മന്നവ! കാളിതന്റെ മാഹാത്മ്യം ചൊല്ലീടിനേൻ.

ഇക്കഥ നിരന്തരം ചൊല്ലുന്ന ജനങ്ങൾക്കും
ഭക്തിയോടതിനെ കേൾക്കുന്ന ജനങ്ങൾക്കും
കീർത്തിയും ദീർഘായുസ്സും വിദ്യയും വിജ്ഞാനവു-

മാന്തിന്നാശവും രോഗശാന്തിയും വന്നുകൂടും;
പുത്രാർത്ഥിയാമവർക്കു പുത്രനുമുണ്ടായ്വരും;
വിത്താർത്ഥിയാമവർക്കു വിത്തവുമുണ്ടായ്വരും;
കന്യകാജനമിതു കേൾക്കിലോ വൈകിടാതെ
കന്ദർപ്പസമനായ കാന്തനുമുണ്ടായ്വരും;
ഭർത്താവുമൊരുമിച്ചു നിത്യവും രമിച്ചീടും;
പുത്രന്മാരുണ്ടാം പിന്നെക്കാമിച്ചതെല്ലാംവരും.
ഉത്തമമായ കാളീമാഹാത്മ്യമെഴുതിയ
പുസ്തകം നിജഹസ്തേ ധരിച്ചുവസിക്കിലോ
ഭൂതവേതാളപ്രേതക്രുശ്മാണ്ഡാദികളുടേ
ഭീതിയും മസൂരികാഭീതിയുമുണ്ടായ്വരാ.
പുസ്തകമൊരുഗൃഹംതന്നിലങ്ങിരിക്കിലോ
ശത്രുക്കളടുക്കയില്ലപ്പുരിതന്നിലെങ്ങും.
കൈവിഷങ്ങളുമാഭിചാരവും ഫലിക്കയി-
ല്ലവനമിതു നിത്യം ജപിച്ചു സേവിക്കിലോ.
ദുർഭഗന്മാരായുള്ള പുരുഷർ ജപിക്കില-
ത്യത്ഭുതമായ രൂപസൌന്ദര്യമുണ്ടായ്വരും.
അന്യോന്യാവശ്യം നരനാരിമാർക്കിതു പാർത്താ-
ലെന്നല്ല ചിന്താമണിതുല്യമെന്നതേ വേണ്ടു.
സന്തതം ജപിപ്പവരൈഹികങ്ങളും ഭുജി-
ച്ചന്ത്യകാലത്തു ശിവസായുജ്യം ലഭിച്ചിടും.
എന്നതുകൊണ്ടു നിത്യം ജപിച്ചീടുക ഭവാൻ
മന്നവ! കാളിതന്റെ പ്രീത്യർത്ഥം മഹാമതേ!
ഭക്തവത്സലയാകും കാളിതൻപ്രസാദത്താ-
ലുൾക്കാമ്പിൽ നിനയ്ക്കുന്നതൊക്കയും സാധിച്ചിടും.
ഇത്തരം സുതീക്ഷ്ണനും ചന്ദ്രസേനാഖ്യനൃപ-
സത്തമനോടു കാളീമഹാത്മ്യം ചൊല്ലീടിനാൻ.
എന്നതു മാർക്കണ്ഡേയൻ ശിവശർമ്മാവിനോടു
നന്ദിച്ചു ചൊന്നതിന്നു നിങ്ങളോടുരച്ചേൻ ഞാൻ.
ഇന്നു ഞാൻ നവമമാമദ്ധ്യായം ചൊല്ലീടിനേ-
നെന്നുരചെയ്തു കിളിപ്പൈതലും പോയീടിനാൾ.

ഒൻപതാം അദ്ധ്യായം സമാപ്തം.

ശുദ്ധപത്രം.

| പുറം. | വരി. | അബദ്ധം. | ശുദ്ധം. |
|---|---|---|---|
| അവതാരിക. | ൪൪. | എഴുതിയുള്ള |  |
| ൨. | ൧൨. | ചൊല്ലുവനതു. | ചൊല്ലു |
| ൰ | ൰൰. | കാരണമന്തെ. | കാരണമെന്തെ. |
| ,, | ൰൪. | കാരുണ. | കാരുണ്യ. |
| ൰൦. | ൰൦.. | എന്നതോൎത്തു. | എന്നതോൎത്തു. |
|  | ൰. | ഭേഷിപ്പാനായ. | ഭേഷിപ്പാനായ്. |
|  | ൨. | ധരക്കിഭോ. | ധരിക്കിഭോ. |
|  | ൨. | ജഗതത്രയം. | ജഗത്ത്രയം. |
|  | ൧൭. | കാളിയതന്നാത. | കാളിയെതന്നാതു. |
|  | ൨൫. | വെണ്ടതന്നു. | വേണ്ടതെന്നു. |
|  | ൨൬. | കൊണ്ടന്നിട്ടവിൻ. | കൊണ്ടന്നിട്ടവിൻ. |
| ൨൫. | ൨൮. | വൈകാതെത് ന. | വൈകാതെ നി. |
| ൰൦. | ൨. | ചൊല്ലി. | ചൊല്ലീ. |
| ൰൨. | ൨. | ഓരിളി. | ഓരിളു |
| ൰൰. | ൨. | ഐതി. | ഐന്തു. |
| ൰൪. | ൰൦. | ഘലങ്ങാം. | ഘല്പങ്ങാം. |
| ൰൬. | ൫. | മൂത്തു. | മൂത്തു. |
| ൰൭. | ൧൬. | അശരീര. | അശരീരി. |
| ൰൮. | ൧൯. | കാൎയ്യാൎത്ഥ | കാൎയ്യാൎത്ഥം. |
| ൰൯. | ൧൯. | പോയ. | പോയ്. |
| ൪൧. | ൧൨. | ചെയ്തു. | ചെയ്തു. |
| ൪൫. | തലക്കെട്ടു. | പതാ | ഒൻപതാ, |
| ,, | ൨൭. | മ | മാഹാത്മ്യം. |